# പ്രാദേശികതല ജൈവവൈവിധ്യ പരിപാലന

# കർമ്മപദ്ധതി തയ്യാറാക്കൽ

# (Preparation of Local Action Plan on Biodiversity Management)

## മാർഗ്ഗരേഖ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ഡിസംബർ 2024

## പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ – മാർഗ്ഗരേഖ

Compiled By:

ഡോ. എൻ. അനിൽകുമാർ, ചെയർമാൻ, കെ.എസ്.ബി.ബി.

ഡോ. വി.ബാലകൃഷ്ണൻ, മെമ്പർ സെക്രട്ടറി, കെ.എസ്.ബി.ബി.

ശ്രീമതി. മിത്രാംബിക എൻ.ബി., റിസർച്ച് ഓഫീസർ, കെ.എസ്.ബി.ബി.

ഉള്ളടക്കം


| | | പേജ് നം. |
|---|---|---|
| I | **ആമുഖം** | |
| 1 | പി.ബി.ആറിന്റെ പ്രാധാന്യം | 4 |
| 2 | ഉദ്ദേശ-ലക്ഷ്യങ്ങൾ | 6 |
| | കേരള സംസ്ഥാന ജൈവവൈവിധ്യ ആസൂത്രണ കർമ്മപദ്ധതി (SBSAP) | 6 |
| | കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM-GBF) | 7 |
| | ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ - സൂചകങ്ങളും പ്രവർത്തനരീതിയും. | 20 |
| 3 | LBSAP തയ്യാറാക്കൽ - പ്രവർത്തനരീതി | 38 |
| II | **അവസ്ഥാവിശകലന ഫോറങ്ങൾ** | |
| 1 | ഭാഗം 1: പൊതുവിവരങ്ങൾ | 42 |
| 2 | ഭാഗം 2: ജൈവവൈവിധ്യ മേഖലയിലെ അവസ്ഥകൾ | |
| 3 | 2.1. അടിസ്ഥാന വിവരങ്ങൾ | 45 |
| 4 | 2.2. കാർഷിക ജൈവവൈവിധ്യം - അവസ്ഥാ വിശകലനം | 47 |
| 5 | 2.3. ജൈവജാതി വൈവിധ്യം - അവസ്ഥാ വിശകലനം | 52 |
| 6 | 2.4. ആവാസവ്യവസ്ഥ വൈവിധ്യം - അവസ്ഥാ വിശകലനം | 55 |
| 7 | 2.5. ജൈവവിഭവങ്ങളുടെ ഉപയോഗം, ശേഖരണം - അവസ്ഥാവിശകലനം | 57 |
| 8 | 2.6. ജൈവവിഭവങ്ങളും അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെയും സൂക്ഷിപ്പ് - അവസ്ഥാവിശകലനം | 58 |
| 9 | ഭാഗം 3: നിലവിലെ പ്രശ്നങ്ങൾ, സാധ്യതകൾ, പരിഹാരങ്ങൾ | 59 |
| 10 | ഭാഗം 4: പരിസ്ഥിതി - ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ | |
| 11 | 4.1 നടപ്പിലാക്കിയ പദ്ധതികൾ | 60 |
| 12 | 4.2 പ്രാദേശിക ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതികൾ | 60 |
| 13 | 4.3.കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക്- ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ കൈവരിക്കൽ - അവലോകനം | 61 |
| 14 | പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ - റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള മാതൃക | 62 |
| 15 | കവർ പേജ് - മാതൃക | 63 |
| 16 | സാക്ഷ്യപത്രം - മാതൃക | 64 |
| III | അനുബന്ധം | 65 |

# ആമുഖം

അന്താരാഷ്ട്ര ജൈവവൈവിധ്യ കരാറിലെ ഒരു അംഗരാഷ്ട്രമെന്ന നിലയിൽ, ജൈവ വൈവിധ്യ സംരക്ഷണം നടപ്പിലാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, അവയുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ രാജ്യത്ത് ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് 2002 ൽ ഇന്ത്യൻ പാർലമെന്റ് ജൈവവൈവിധ്യ നിയമം പാസാക്കുകയും, തുടർന്ന് 2004 ൽ കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തത്. ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.കൾ) എന്നീ ത്രിതല സംവിധാനങ്ങളിലൂടെയാണ് രാജ്യത്ത് ജൈവവൈവിധ്യ നിയമം നടപ്പിലാക്കിവരുന്നത്. ജൈവവൈവിധ്യ നിയമ പ്രകാരം 2005 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിക്കുകയും, 2008 ൽ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തു. ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, ജൈവവൈവധ്യ ചട്ടങ്ങൾ 2004 ചട്ടം 22, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, 2008 ചട്ടം (20) എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും 2012 ലും, 2019 ൽ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാപഞ്ചായത്തുകളിലും ബി.എം.സി. കൾ രൂപീകരിക്കുകയുണ്ടായി. ബി.എം.സി. രൂപീകരണത്തോടൊപ്പം തന്നെ, ബി.എം.സി. കളുടെ സുപ്രധാന ചുമതലയായ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ പ്രവർത്തനങ്ങൾക്ക് 2009 മുതൽ ബോർഡിന്റെ നേതൃത്വത്തിൽ തുടക്കംകുറിക്കുകയും, 2019 ൽ പൂർത്തീകരിക്കുകയും ചെയ്തു.

**പി.ബി.ആറിന്റെ പ്രാധാന്യം:**

ഒരു പ്രദേശത്തെ ജൈവവിഭവങ്ങളെക്കുറിച്ച് അവിടുത്തെ ജനങ്ങൾക്കുള്ള അറിവുകളും അവർ നൂറ്റാണ്ടുകളായി പ്രകൃതിയുമായുള്ള നിരന്തര ഇടപെടലുകളിലൂടെ ആർജിച്ച നാട്ടറിവുകളും ശാസ്ത്രീയമായി രേഖപ്പെടുത്തുക എന്നതാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ പ്രഥമ ഉദ്ദേശ്യം. പ്രാദേശികതലത്തിൽ വിഭവ സമാഹരണം നടത്തുന്നതിനും, വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഇത്തരം രജിസ്റ്ററുകൾ അടിസ്ഥാനരേഖയാണ്. പ്രാദേശികതലത്തിൽ ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന പ്രദേശവാസികളുടെ അറിവുകൾ അവരിലൂടെ രേഖപ്പെടുത്തുകയാണ് പി.ബി.ആർ. തയ്യാറാക്കലിലൂടെ നടപ്പിലാക്കിയിട്ടുള്ളത്.

ജൈവവൈവിധ്യ നിയമത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നായ ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുന്നതിനും (Access and Benefit Sharing – ABS), പ്രാദേശികതലത്തിൽ ജൈവൈവിധ്യ സംരക്ഷണവും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനും, പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കു

ന്നതിനും, ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനുമുള്ള അടിസ്ഥാനരേഖയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പി.ബി.ആറുകൾ.

കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യനീതിയും, സാമ്പത്തിക വികസനവും ലക്ഷ്യമാക്കിയുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നുള്ള ചുമതല നിർവ്വഹിക്കുന്നതിനും, ജൈവവൈവിധ്യ സംരക്ഷണത്തിനും, പരിപാലനത്തിനും, പോഷണത്തിനും സഹായകമാകുംവിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള അടിസ്ഥാനരേഖയാണ് പി.ബി.ആർ.

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസന പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനത്തെ അനുരൂപപ്പെടുത്തുന്നതിനുമുള്ള ബെഞ്ച്മാർക്കായും, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള (സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പാരിസ്ഥിതിക പ്രാധാന്യമുള്ള ലക്ഷ്യങ്ങൾ 12, 13, 14, 15 എന്നിവയാണ്) സൂചകങ്ങളെ അടിസ്ഥാനമാക്കി കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള ഉപാധിയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പി.ബി.ആറുകൾ. സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അടിസ്ഥാനരേഖയായും, LAPCC റിപ്പോർട്ട്, പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി എന്നിവ തയ്യാറാക്കുന്നതിനുള്ള റഫറൻസ് രേഖയായും പി.ബി.ആറിനെ പരിഗണിക്കാവുന്നതാണ്. ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും, സുസ്ഥിര ഉപയോഗത്തിനും വളരെയേറെ സഹായകമാകും എന്നതിനുപുറമേ, ഉന്നത പാഠശാലകൾക്കും ഗവേഷകർക്കും പരിസ്ഥിതി ശാസ്ത്രപഠനത്തിന് ഉപയോഗിക്കാവുന്ന ഒരു റഫറൻസ് രേഖകൂടിയാണ് പി.ബി.ആറുകൾ.

ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ പി.ബി.ആർ. തയ്യാറാക്കി കഴിഞ്ഞാൽ, അവയിലെ വിവരങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും, ഡിജിറ്റൈസ് ചെയ്ത് ഇ-പി.ബി.ആർ. തയ്യാറാക്കുന്നതിനും അതത് ബി.എം.സി. കളും, തദ്ദേശഭരണ സ്ഥാപനങ്ങളും മുൻകൈ എടുക്കേണ്ടതാണ്. ആയതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും, സാങ്കേതിക പിന്തുണയും ബോർഡ് നൽകി വരുന്നുണ്ട്. നിലവിലെ പി.ബി.ആറുകളിൽ പലതും തയ്യാറാക്കിയിട്ട് 5 മുതൽ 10 വർഷത്തിലേറെയായതിനാൽ, അവയിലെ വിവരങ്ങൾ പലതും കാലാനുസൃതമായി പുതുക്കേണ്ടതുണ്ട്. കൂടാതെ, പി.ബി.ആറിന്റെ ആദ്യഭാഗം തയ്യാറാക്കുമ്പോൾ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വെല്ലുവിളികൾ ഇത്രയധികം ഉയർന്നുവന്നിട്ടില്ലായിരുന്നു. ആയതിനാൽ, കാലാവസ്ഥാ വ്യതിയാനമെന്ന ആഗോള പ്രതിഭാസത്തിന്റെ പരിണിതഫലമായുള്ള പ്രളയം, വരൾച്ച, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൂലം നമ്മുടെ പരിസ്ഥിതി-ജൈവ- ആവാസവ്യവസ്ഥകൾക്കുണ്ടായ മാറ്റങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ പ്രാദേശികതലത്തിൽ ക്രോഡീകരിക്കുന്നതിനും, നിലവിലെ പി.ബി.ആറുകളിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിനും, ആദ്യഭാഗത്തിൽ ഇല്ലാത്തതും, ഉൾപ്പെടുത്താൻ കഴിയാത്തതുമായ അധികവിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുമായി, പി.ബി.ആർ.

ശാസ്ത്രീയമായ പരിഷ്ക്കരിച്ചുകൊണ്ട്, **പി.ബി.ആർ - രണ്ടാം ഭാഗം** തയ്യാറാക്കുന്നതിനും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ തുടക്കംകുറിച്ചിട്ടുണ്ട്. ആയതിനുവേണ്ടി ബോർഡ് തയ്യാറാക്കിയ മാർഗ്ഗരേഖ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ തയ്യാറാക്കിയിട്ടുള്ള പി.ബി.ആറും, രണ്ടാം ഭാഗമായി തയ്യാറാക്കുന്ന പി.ബി.ആറും ചേർന്നതാണ് ഒരു തദ്ദേശഭ രണ സ്ഥാപനത്തിന്റെ പി.ബി.ആർ. അടുത്ത പത്ത് വർഷം കൊണ്ട് പ്രാദേശികതലത്തിൽ നടപ്പിലാക്കേണ്ട ജൈവവൈവിധ്യ സംരക്ഷണ-പരിപാലന-പോഷണ കർമ്മപരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാനരേഖ കൂടിയാണ് പി.ബി.ആറുകൾ.

**ഉദ്ദേശ-ലക്ഷ്യങ്ങൾ:**

സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (15) പ്രകാരം, ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും (ബി.എം.സി. കളിൽ) തയ്യാറാക്കിയിട്ടുള്ള പി.ബി.ആറിലെ വിവരങ്ങളെ ആസ്പദമാക്കി, ജൈവവൈവിധ്യ ബോർഡുമായി കൂടിയാലോചിച്ച്, ജൈവവൈവിധ്യ പരി പാലന കർമ്മപദ്ധതി പ്രാദേശികതലത്തിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിഷ്ക്കർഷിച്ചി ട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം മുൻനിർത്തിയുള്ള സുസ്ഥിര വികസന പദ്ധതികൾ പ്രാദേ ശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനത്തെ അനുരൂപപ്പെടു ത്തുന്നതിനും പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കേണ്ടത് അനിവാര്യമാണ്. 2030 ൽ നടപ്പിലാക്കേണ്ട **കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്കിന്റെ (KM-GBF) ഉദ്ദേശ-ലക്ഷ്യങ്ങൾക്കനുസൃ തമായിട്ട്,** ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ 23 എണ്ണമായി 2023 ൽ പുനഃക്രമീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കു ന്നതിനുതകുന്ന തരത്തിലാവണം പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി ബി.എം.സി. കൾ തയ്യാറാക്കേണ്ടത്. പ്രസ്തുത ആഗോള-ദേശീയ ലക്ഷ്യങ്ങളും, അവ കൈവരിക്കുന്നതിനുള്ള സൂചകങ്ങളും പ്രവർത്തനരീതികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദാംശങ്ങൾ കൂടി നിലവിലെ മാർഗ്ഗരേഖയുടെ ഭാഗ മായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേരള സംസ്ഥാന ജൈവവൈവിധ്യ ആസൂത്രണ കർമ്മപദ്ധതി (2022-2032)

കേരളത്തിന്റെ വികസനത്തിനായി ജൈവവൈവിധ്യത്തെ അതിന്റേതായ പ്രാധാന്യത്തോടുകൂടി സംരക്ഷിക്കുക, അവയുടെ പരിപോഷണവും സുസ്ഥിരോപ യോഗവും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ അടുത്ത 10 വർഷക്കാല യളവിലേക്കുള്ള സംസ്ഥാന ജൈവവൈവിധ്യ ആസൂത്രണ കർമ്മപദ്ധതി (SBSAP) 2022 ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുള്ളത്. കാർഷിക

ജൈവവൈവിധ്യ സംരക്ഷണം, നാടൻ ഇനങ്ങളുടെ സംരക്ഷണം, നദീതട ആവാസ വ്യവസ്ഥകളുടെ സംരക്ഷണം, ജലം, ഊർജ്ജ സംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, ഉത്തരവാദിത്ത ടൂറിസം, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗത്തിലൂടെ ജനങ്ങളുടെ ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കുക തുടങ്ങി ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ/ പദ്ധതികൾ, അനുബന്ധ മേഖലയിലെ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് SBSAP തയ്യാറാക്കിയിട്ടുള്ളത്. ജൈവവൈവിധ്യ സംരക്ഷണം നേരിടുന്ന വെല്ലുവിളികളുടെയും പ്രശ്നങ്ങളുടെയും വെളിച്ചത്തിൽ അവയുടെ പരിപാലനവും സുസ്ഥിരോപയോഗവും ഉറപ്പാക്കുന്നതിനും, പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിന് (LBSAP) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബി.എം.സി.കൾക്കും പ്രയോജനപ്രദമാകുംവിധത്തിലാണ് SBSAP വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ SBSAP പ്രവർത്തനതന്ത്രങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാവണം തദ്ദേശ സ്ഥാപനങ്ങൾ LBSAP തയ്യാറാക്കേണ്ടത്. SBSAP ഡോക്യുമെന്റിന്റെ പൂർണ്ണരൂപം ഇംഗ്ലീഷിലും മലയാളത്തിലും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വെബ്സൈറ്റിൽ (www.keralabiodiveristy.org) ലഭ്യമാണ്.

## കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM-GBF)

ജൈവവൈവിധ്യ സംരക്ഷണവും ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും ഉറപ്പാക്കുന്നതിനായി അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടി നിലവിൽ വന്നതിനെ തുടർന്ന്, പ്രസ്തുത ഉടമ്പടിയുടെ മൂന്ന് സുപ്രധാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടമ്പടിയിലെ അംഗരാഷ്ട്രങ്ങൾ നടപ്പിലാക്കി വരികയാണ്. എന്നാൽ ഇത്തരം പരിശ്രമങ്ങളുണ്ടെങ്കിലും മനുഷ്യ ചരിത്രത്തിൽ മുൻപില്ലാത്തവിധത്തിൽ ജൈവവൈവിധ്യം ആഗോളവ്യാപകമായി നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു എന്നാണ് IPBES (Intergovernmental Science-Policy Platform on Biodiversity and Ecosystem Services) ന്റെ 2019 ലെ ആഗോള ജൈവവൈവിധ്യ വിലയിരുത്തൽ റിപ്പോർട്ടും മറ്റു ശാസ്ത്രീയ വിലയിരുത്തലുകളും വെളിപ്പെടുത്തുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM-GBF) രൂപപ്പെടുത്തിയിട്ടുള്ളത്.

സാമൂഹിക പിന്തുണയോട്ടുകൂടി ജൈവവൈവിധ്യ നാശം ഇല്ലാതാക്കുന്നതിനായി ദേശീയ-പ്രാദേശിക സർക്കാരുകൾ നടത്തേണ്ട അടിയന്തര ഇടപെടലുകളാണ് ഈ ഫ്രെയിംവർക്കിലെ ഉദ്ദേശ്യ-ലക്ഷ്യങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ലക്ഷ്യങ്ങൾ

നടപ്പിലാക്കുന്നതിലൂടെ, വളരെ സമീകൃത രീതിയിൽ അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടിയുടെ മൂന്നു ലക്ഷ്യങ്ങളും കൈവരിക്കുന്നതാണ്. 2011-20 ലെ ജൈവവൈവിധ്യ തന്ത്രങ്ങൾ അടിസ്ഥാനമാക്കി, അതിന്റെ നേട്ടങ്ങളും പോരായ്മകളും അനുഭവപാഠങ്ങളും, മറ്റു സുപ്രധാന പരിസ്ഥിതി ഉടമ്പടികളുടെ അനുഭവങ്ങൾ, നേട്ടങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ടും, 2030 ലെ സുസ്ഥിര വികസന അജൻഡയ്ക്കും സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കും അനുസൃതമായിട്ടാണ് ഈയൊരു ഫ്രെയിംവർക്ക് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

ആഗോളതലത്തിൽ 2030 നകം നടപ്പിലാക്കേണ്ട 23 പ്രവർത്തന ലക്ഷ്യങ്ങൾ KM-GBF ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഓരോ പ്രവർത്തനങ്ങളും എത്രയുംവേഗം ആരംഭിച്ച് 2030 നകം പൂർത്തീകരിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ, ഫ്രെയിംവർക്കിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ 2050 ൽ കൈവരിക്കുന്നതിന് സഹായകമാകുന്നതാണ്. അന്താരാഷ്ട്ര ജൈവവൈവിധ്യ കരാർ, അതുമായി ബന്ധപ്പെട്ട പ്രോട്ടോക്കോളുകൾ, പ്രസക്തമായിട്ടുള്ള മറ്റു അന്തർദേശീയ വ്യവസ്ഥകൾ എന്നിവ ഉൾക്കൊണ്ടുകൊണ്ട്, ദേശീയ സാഹചര്യങ്ങളും മുൻഗണനകളും സാമൂഹിക സാമ്പത്തിക സ്ഥിതികളും പരിഗണിച്ചുകൊണ്ട് സ്ഥിരതയോടുകൂടി ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

KM-GBF ന്റെ ഉദ്ദേശ്യങ്ങൾ (Goals)

പ്രധാനമായും 4 ദീർഘകാല ഉദ്ദേശ്യങ്ങളാണുള്ളത്.

**ഉദ്ദേശ്യം** 1 - സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വിസ്തൃതി ക്രമേണ വർദ്ധിപ്പിച്ചുകൊണ്ട് 2050 ആകുമ്പോഴേക്കും ആവാസവ്യവസ്ഥകളുടെ നിലനിൽപ്പും, പരസ്പരബന്ധവും, ഏകോപനവും നിലനിർത്തുകയും, വർദ്ധിപ്പിക്കുകയോ വീണ്ടെടുക്കുകയോ ചെയ്യുക.

അറിവിൽപ്പെടുന്ന വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങൾക്ക് മനുഷ്യ പ്രേരണമൂലം വംശനാശം സംഭവിക്കുന്നത് ഇല്ലാതാക്കുകയും, 2050 ആകുമ്പോഴേക്കും, ജീവജാലങ്ങളുടെ വംശനാശ നിരക്കും ഭീഷണിയും പതിന്മടങ്ങ് കുറയ്ക്കുകയും, ആരോഗ്യപരമായ നിലയിൽ തനത് വന്യജീവജാലങ്ങളുടെ വ്യാപനം വർദ്ധിപ്പിക്കുകയും ചെയ്യുക.

പരിസ്ഥിതിയുമായി ഇണങ്ങിചേരുന്നതിനുള്ള ജീവജാലങ്ങളുടെ കഴിവ് സംരക്ഷിക്കുന്നതിനായി, വന്യജീവജാലങ്ങളിലെയും വളർത്തുജീവജാലങ്ങളിലെയും ജനിതക വൈവിധ്യ നിലനിർത്തുക.

**ഉദ്ദേശ്യം** 2 - ഇന്നത്തെ തലമുറയുടെയും ഭാവിതലമുറയുടെയും നന്മയ്ക്കായി, സുസ്ഥിര വികസനം കൈവരിക്കുന്നതിന് സഹായകമാകുംവിധത്തിൽ, 2050 ആകുമ്പോഴേക്കും, ജൈവവൈവിധ്യത്തെ സുസ്ഥിരമായി ഉപയോഗക്കുകയും പരിപാലിക്കുകയും

ജനങ്ങൾക്കുവേണ്ടിയുള്ള പ്രകൃതിയുടെ സംഭാവനകളായ പാരിസ്ഥിതിക സേവനങ്ങൾ വിലയിരുത്തുകയും, നിലവിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നവയെ വീണ്ടെടുത്തുകൊണ്ട് പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.

**ഉദ്ദേശ്യം** 3 – ജനിതക വിഭവങ്ങളുടെയും അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെയും ഉപയോഗത്തിൽ നിന്നുണ്ടാകുന്ന സാമ്പത്തികവും സാമ്പത്തികേതരവുമായിട്ടുള്ള പ്രയോജനങ്ങൾ, പരമ്പരാഗത ജനവിഭാഗങ്ങൾ, പ്രാദേശിക ജനങ്ങൾ എന്നിവരുൾപ്പെടെയുള്ള അർഹരായിട്ടുള്ളവർക്ക് തുല്യവും നീതിപൂർവ്വവുമായി പങ്കുവെയ്ക്കുകയും, 2050 ആകുമ്പോഴേക്കും ക്രമാനുഗതമായി വർദ്ധിപ്പിക്കുകയും, ജനിതക വിഭവങ്ങളുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ കൃത്യമായും സംരക്ഷിക്കുന്നുണ്ടെന്നും, അന്തർദേശീതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള രീതികൾക്കനുസൃതമായി, ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനും അതിലൂടെ സഹായകമാകുന്നുവെന്നും ഉറപ്പുവരുത്തുക.

**ഉദ്ദേശ്യം** 4 –കുൻമ്മിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് പൂർണ്ണമായും നടപ്പിലാക്കുന്നതിന്, സുരക്ഷിതവും എല്ലാ അംഗരാഷ്ട്രങ്ങൾക്കും പ്രത്യേകിച്ചും, വികസ്വര രാഷ്ട്രങ്ങൾ, അവികസിത രാഷ്ട്രങ്ങൾ, സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങൾ, എന്നിവർക്ക് തുല്യമായി സ്വായത്തമാക്കുന്നതിനും, 700 ബില്യൺ ഡോളർ എന്ന വാർഷിക ജൈവവൈവിധ്യ സാമ്പത്തികാന്തരം ക്രമേണ ഇല്ലാതാക്കുന്നതിനും, കുൻമ്മിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്കിലേക്കും 2050 ലെ ജൈവവൈവിധ്യ ദർശനത്തിലേക്കും സാമ്പത്തിക ഒഴുക്കിനെ നിലനിർത്തുന്നതിനും അനുയോജ്യമായിട്ടുള്ള, സാമ്പത്തിക വിഭവങ്ങൾ, നൈപുണി വികസനം, ശാസ്ത്ര–സാങ്കേതിക സഹകരണം, സാങ്കേതിക വിവരങ്ങളുടെ സ്വായത്തമാക്കലും കൈമാറ്റം ചെയ്യലുമുൾപ്പെടെയുള്ള നിർവ്വഹണരീതികൾ.

KM–GBF ന്റെ ലക്ഷ്യങ്ങൾ (Targets)

KM–GBF ന്റെ മേൽപ്പറഞ്ഞ നാല് ഉദ്ദേശ്യങ്ങൾ കൈവരിക്കുന്നതിന്, ഹ്രസ്വകാലാടിസ്ഥാനത്തിൽ സ്ഥിരതയോടുകൂടി നടപ്പിലാക്കേണ്ട 23 ലക്ഷ്യങ്ങൾ വിഭാവനം ചെയ്യുന്നു.

പ്രസ്തുത ലക്ഷ്യങ്ങൾ മൂന്നു മേഖകളിലായി ഉൾപ്പെടുത്തി താഴെപ്പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു:

1. ജൈവവൈവിധ്യ നേരിടുന്ന ഭീഷണികൾ കുറയ്ക്കുക.
   ലക്ഷ്യങ്ങൾ
   1. ഉയർന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള ആവാസവ്യവസ്ഥകളുൾപ്പെടെയുള്ള അതീവ ജൈവവൈവിധ്യ

പ്രാധാന്യമുള്ള പ്രദേശങ്ങളുടെ നാശം, പരമ്പരാഗത ജനതയുടെയും പ്രാദേശിക സമൂഹത്തിന്റെയും അവകാശങ്ങൾ പരിഗണിച്ചുകൊണ്ട്, 2030 ആകുമ്പോഴേക്കും സീറോയിലേക്ക് എത്തിക്കുന്നതിന്, എല്ലാ പ്രദേശങ്ങളും പങ്കാളിത്ത ജൈവവൈവിധ്യാധിഷ്ഠിത ആസൂത്രണത്തിന്റെയും സമുദ്ര-ഭൂവിനിയോഗ മാറ്റങ്ങൾ നേരിടുന്നതിനുള്ള ഫലപ്രദമായിട്ടുള്ള പരിപാലന രീതികളുടെയും ഭാഗമാണെന്ന് ഉറപ്പാക്കുക.

2. ജൈവവൈവിധ്യവും, പരിസ്ഥിതി പ്രവർത്തനങ്ങളും സേവനങ്ങളും, പാരിസ്ഥിതിക ബന്ധങ്ങളും ഏകീകരണവും പരിപോഷിപ്പിക്കുന്നതിനായി, 2030 ആകുമ്പോഴേക്കും കര, ഉൾനാടൻ, തീരദേശ, സമുദ്ര ആവാസവ്യവസ്ഥകളിലെ നാശോന്മുഖമായിട്ടുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 30 ശതമാനമെങ്കിലും പുനഃസ്ഥാപിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക.
3. പാരിസ്ഥിതിക സൂചകങ്ങൾ, കൃത്യമായി ബന്ധിപ്പിക്കപ്പെട്ടിട്ടുള്ളതും ഉചിതമായി ക്രമീകരിച്ചിട്ടുള്ളതുമായ സംരക്ഷിത കേന്ദ്രങ്ങൾ, മറ്റു സംരക്ഷണ രീതികൾ, പരമ്പരാഗതവും സാമ്പ്രദായികവുമായിട്ടുള്ള അതിർവരമ്പുകൾ തിരിച്ചറിയൽ, സാധ്യമാകുന്നിടങ്ങളിൽ സമഗ്രമായിട്ടുള്ള ഭൂഭാഗങ്ങളുമായോ സമുദ്രഭാഗങ്ങളുമായോ സമുദ്രങ്ങളുമായോ സംയോജിപ്പിക്കൽ എന്നിവയിലൂടെ, 2030 ആകുമ്പോഴേക്കും കര, ഉൾനാടൻ, തീരദേശ, സമുദ്രങ്ങളിലെ, പ്രത്യേകിച്ചും ജൈവവൈവിധ്യത്തിനും പരിസ്ഥിതി പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും പ്രാധാന്യമുള്ള പ്രദേശങ്ങളുടെ കുറഞ്ഞത് 30 ശതമാനമെങ്കിലും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുകയും, അതോടൊപ്പം അത്തരം പ്രദേശങ്ങൾക്ക് അനുയോജ്യമാകുന്ന ഏതൊരു സുസ്ഥിരോപയോഗവും സംരക്ഷണ പ്രവർത്തനങ്ങളുമായി പൊരുത്തപ്പെടേണ്ടതും, പരമ്പരാഗത ജനതയുടെയും പ്രാദേശിക സമൂഹത്തിന്റെയും അവകാശങ്ങൾ, അവരുടെ പരമ്പരാഗത അതിർവരമ്പുകൾക്കുപരിയായി തിരിച്ചറിയുകയും പരിഗണിക്കുകയും ചെയ്യേണ്ടതുമാണ്.
4. വംശനാശഭീഷണി നേരിടുന്നതായി കണ്ടെത്തിയിട്ടുള്ള ജീവജാലങ്ങളുടെ മാനുഷിക കാരണങ്ങളാലുള്ള വംശനാശം ഒഴിവാക്കുന്നതിനും, ജീവജാലങ്ങളുടെ പ്രത്യേകിച്ചും, വംശനാശഭീഷണി നേരിടുന്നവയുടെ സംരക്ഷണത്തിനും വീണ്ടെടുക്കലിനും, വംശനാശ അപകടസാധ്യത ക്രമേണ കുറയ്ക്കുന്നതിനും കൂടാതെ, ആവാസവ്യവസ്ഥകൾക്കുള്ളിലും പുറത്തുമുള്ള സംരക്ഷണ സുസ്ഥിര പരിപാലന രീതികളിലൂടെ തദ്ദേശീയ,

വന്യ, വളർത്തുജീവജാലങ്ങളുടെ അനുരൂപണ കഴിവ് നിലനിർത്തുന്നതിന് അവയുടെ ജനിതക വൈവിധ്യം പരിപാലിക്കുന്നതിനും വീണ്ടെടുക്കുന്നതിനും, പരസ്പര നിലനിൽപ്പിനായുള്ള മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കുറയ്ക്കുന്നതിനായി മനുഷ്യ-വന്യമൃഗ ഇടപെടലുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമുള്ള അടിയന്തര നടപടികൾ ഉറപ്പാക്കുക.

5. അമിതചൂഷണം തടയുന്നതിനും, മറ്റു ജീവജാലങ്ങൾക്കും ആവാസവ്യവസ്ഥകൾക്കും ഉണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും, രോഗാണു വ്യാപന അപകടസാധ്യത കുറയ്ക്കുന്നതിനും, പരമ്പരാഗത ജനതയുടെയും പ്രാദേശിക സമൂഹത്തിന്റെയും നിലവിലുള്ള സുസ്ഥിരോപയോഗങ്ങൾ സംരക്ഷിച്ചും പരിഗണിച്ചും കൊണ്ട് ആവാസവ്യവസ്ഥാ സമീപനം നടത്തുന്നതിനും, വന്യജീവജാലങ്ങളുടെ ഉപയോഗം, വിളവെടുപ്പ്, വ്യാപാരം എന്നിവ സുസ്ഥിരവും, സുരക്ഷിതവും, നിയമപരവുമാണെന്ന് ഉറപ്പാക്കുക.
6. അധിനിവേശ ജീവജാലങ്ങൾ എത്തിപ്പെടുന്ന മാർഗ്ഗങ്ങൾ മനസ്സിലാക്കിക്കൊണ്ട്, അവ ജൈവവൈവിധ്യത്തിനും ആവാസവ്യവസ്ഥാ സേവനങ്ങൾക്കും ഉണ്ടാക്കുന്ന ആഘാതങ്ങൾ ലഘൂകരിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുക, മുൻഗണനയിൽപ്പെട്ട അധിനിവേശ ജീവജാലങ്ങളുടെ പ്രവേശനവും വ്യാപനവും തടയുകയും, അവയുടെ വ്യാപനതോത് 2050 ആകുമ്പോഴേക്കും കുറഞ്ഞത് 50 ശതമാനമാക്കുകയും, ദ്വീപുകൾ പോലുള്ള സുപ്രധാനയിടങ്ങളിൽ അധിനിവേശ ജീവജാലങ്ങളെ ദൂരീകരിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുക.
7. എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള മലിനീകരണത്തിന്റെ ദോഷഫലങ്ങൾ കൊണ്ടുള്ള അപകടസാധ്യത കുറയ്ക്കുക, 2030 ആകുമ്പോഴേക്കും, ഫലപ്രദമായിട്ടുള്ള പോഷകചംക്രമണത്തിലൂടെയും ഉപയോഗത്തിലൂടെയും പരിസ്ഥിതിയിലേക്ക് അമിതമായി പോഷകങ്ങൾ പുറന്തള്ളുന്നത് കുറഞ്ഞത് പകുതിയായെങ്കിലും കുറയ്ക്കുകയും, ഭക്ഷ്യസുരക്ഷയും ജീവനോപാധിയും പരിഗണിച്ചുകൊണ്ട്, ശാസ്ത്രീയമായി, സംയോജിത കീട പരിപാലനത്തിലൂടെ, കീടനാശിനികളുടെയും അപകടകാരികളായ രാസവസ്തുക്കളുടെയും മൊത്തത്തിലുള്ള അപകടസാധ്യത കുറഞ്ഞത് പകുതിയായെങ്കിലും കുറയ്ക്കുകയും, പ്ലാസ്റ്റിക് മലിനീകരണം തടയുകയും കുറയ്ക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ, മലിനീകരണത്തിന്റെ തോത് ജൈവവൈവിധ്യത്തിനും

ആവാസവ്യവസ്ഥ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ദോഷകരമല്ലാതാക്കുക.

8. കാലാവസ്ഥാ വ്യതിയാനവും സമുദ്ര അമ്ലത്വവും മൂലം ജൈവവൈവിധ്യത്തിനുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുകയും, ലഘൂകരണം, അനുരൂപണം, ദുരന്ത അപകടസാധ്യത കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയിലൂടെ അവയുടെ പൂർവ്വസ്ഥിതി കൈവരിക്കൽ വർദ്ധിപ്പിക്കുക, പ്രകൃത്യാലുള്ള പരിഹാരമാർഗ്ഗങ്ങളിലൂടെയും ആവാസവ്യവസ്ഥാ സമീപനങ്ങളിലൂടെയും, കാലാവസ്ഥാ വ്യതിയാനം മൂലം ജൈവവൈവിധ്യത്തിനുണ്ടാകുന്ന ദോഷഫലങ്ങൾ കുറയ്ക്കുകയും നല്ല ഫലങ്ങൾ പരിപോഷിപ്പിക്കുകയും ചെയ്യുക.

2. സുസ്ഥിരോപയോഗം പ്രയോജനങ്ങളുടെ പങ്കുവെയ്ക്കൽ എന്നിവയിലൂടെ ജനങ്ങളുടെ ആവശ്യങ്ങൾ നടപ്പിലാക്കുക.

ലക്ഷ്യങ്ങൾ

9. വന്യജീവജാലങ്ങളുടെ ഉപയോഗവും പരിപാലനവും സുസ്ഥിരമാണെന്ന് ഉറപ്പാക്കുക, അതിലൂടെ സാമൂഹികവും, സാമ്പത്തികവും, പാരിസ്ഥിതികവുമായിട്ടുള്ള നേട്ടങ്ങൾ, ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുന്നതിനും, പരമ്പരാഗത ജനതയുടെയും പ്രാദേശിക സമൂഹത്തിന്റെയും പതിവ് സുസ്ഥിരോപയോഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായകമാകുന്ന സുസ്ഥിര ജൈവവൈവിധ്യാധിഷ്ഠിത പ്രവർത്തനങ്ങൾ, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവയിലൂടെ, ജനങ്ങൾക്ക് പ്രത്യേകിച്ചും, വളരെ ദുർബലമായ സാഹചര്യങ്ങളിലുള്ളവർക്കും ജൈവവൈവിധ്യത്തെ കൂടുതലായി ആശ്രയിക്കുന്നവർക്കും പ്രദാനം ചെയ്യുക.

10. കൃഷി, അക്വാകൾച്ചർ, മത്സ്യബന്ധനം, വനം തുടങ്ങിയ മേഖലയിലുൾപ്പെടുന്ന പ്രദേശങ്ങൾ സുസ്ഥിരമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, പ്രത്യേകിച്ചും, ജൈവവൈവിധ്യത്തിന്റെ സുസ്ഥിരോപയോഗത്തിലൂടെ, ഇത്തരം ഉൽപ്പാദന സംവിധാനങ്ങളുടെ ദീർഘകാല കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും ഭക്ഷ്യസുരക്ഷയും വർദ്ധിപ്പിക്കുന്നതിനുള്ള കാർഷിക പാരിസ്ഥിതികവും മറ്റു നൂതന സമീപനങ്ങളും ഉൾപ്പെടെയുള്ള ജൈവവൈവിധ്യ സൌഹൃദ രീതികളുടെ പ്രയോഗം ക്രമാനുഗതമായി വർദ്ധിപ്പിക്കുകയും, ജൈവവൈവിധ്യം സംരക്ഷിക്കുകയും വീണ്ടെടുക്കുകയും പാരിസ്ഥിതിക പ്രവർത്തനങ്ങളും സേവനങ്ങളും ഉൾപ്പെടെയുള്ള മനുഷ്യർക്കായുള്ള പ്രകൃതിയുടെ സംഭാവനകൾ നിലനിർത്തുകയും ചെയ്യുക.

11. വായു, ജലം കാലാവസ്ഥ എന്നിവയുടെ നിയന്ത്രണം, മനുഷ്യന്റെയും പ്രകൃതിയുടെയും നന്മയ്ക്കായി പ്രകൃത്യാലുള്ള പരിഹാരങ്ങളിലൂടെയോ ആവാസവ്യവസ്ഥാ സമീപനങ്ങളിലൂടെയോ മണ്ണിന്റെ ആരോഗ്യം, പരാഗണം, രോഗസാധ്യത കുറയ്ക്കൽ, പ്രകൃത്യാലുള്ള അപകടങ്ങളിൽ നിന്നും ദുരന്തങ്ങളിൽ നിന്നും സംരക്ഷിക്കൽ തുടങ്ങിയ, പാരിസ്ഥിതിക പ്രവർത്തനങ്ങളും സേവനങ്ങളും ഉൾപ്പെടെയുള്ള, മനുഷ്യർക്കായുള്ള പ്രകൃതിയുടെ സംഭാവനകൾ വീണ്ടെടുക്കുകയും, നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
12. ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും സുസ്ഥിരോപയോഗവും മുഖ്യധാരയിലെത്തിക്കുന്നതിലൂടെ, നഗരങ്ങളിലെയും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലെയും ഹരിത നീലയിടങ്ങളുടെ വിസ്തൃതി, ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുകയും അവയുടെ വിനിയോഗത്തിന്റെയും നേട്ടങ്ങളുടെയും ശൃംഖലകൾ സുസ്ഥിരമാക്കുകയും, ജൈവവൈവിധ്യാധിഷ്ഠിത നഗരാസൂത്രണം ഉറപ്പാക്കുകയും, തദ്ദേശീയ ജൈവവൈവിധ്യവും പാരിസ്ഥിതിക ബന്ധവും സമഗ്രതയും പരിപോഷിപ്പിക്കുകയും, മനുഷ്യാരോഗ്യവും ക്ഷേമവും മെച്ചപ്പെടുത്തുകയും, പ്രകൃതിയുമായി ബന്ധിപ്പിക്കുകയും, സുസ്ഥിര നഗരവൽക്കരണത്തിലൂടെ പാരിസ്ഥിതിക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കുമുള്ള അവസരമൊരുക്കുകയും ചെയ്യുക.
13. ജനിതക വിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും അവയുടെ ഡിജിറ്റൽ വിവരങ്ങളിൽ നിന്നും, അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളിൽ നിന്നും ലഭ്യമാകുന്ന നേട്ടങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കിടൽ ഉറപ്പാക്കുന്നതിനായി, നിയമത്തിനും, നയത്തിനും, ഭരണനിർവ്വഹണത്തിനും, കാര്യക്ഷമതാ പരിപോഷണത്തിനുമുള്ള ഫലപ്രദമായിട്ടുള്ള നടപടികൾ ഉചിതമായ രീതിയിൽ, എല്ലാ തലങ്ങളിലും കൈക്കൊള്ളുകയും, ജനിതക വിഭവങ്ങളുടെ ഉചിതമായ വിനിയോഗം പ്രോത്സാഹിപ്പിക്കുകയും, 2030 ആകുമ്പോഴേക്കും, അന്താരാഷ്ട്രതലത്തിൽ ബാധകമായിട്ടുള്ള ആക്സസ് ആന്റ് ബെനിഫിറ്റ് ഷെയറിംഗ് നടപടിക്രമങ്ങൾക്കനുസൃതമായി, നേട്ടങ്ങൾ പങ്കിടുന്നതിൽ കാര്യമായ വർദ്ധനവ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. നിർവ്വഹണത്തിനും മുഖ്യധാരയിലെത്തിക്കുന്നതിനുമുള്ള രീതികളും പരിഹാരങ്ങളും. ലക്ഷ്യങ്ങൾ

14. നയങ്ങൾ, നിയന്ത്രണങ്ങൾ, ആസൂത്രണം, വികസന പ്രവർത്തനങ്ങൾ, ദാരിദ്ര്യ നിർമ്മാർജ്ജന തന്ത്രങ്ങൾ, പാരിസ്ഥിതിക വിലയിരുത്തലുകൾ, പരിസ്ഥിതി ആഘാത നിർണ്ണയങ്ങൾ എന്നിവയിൽ ജൈവവൈവിധ്യത്തിന്റെയും അതിന്റെ പലവിധ മൂല്യങ്ങളുടെയും പൂർണ്ണമായ ഏകീകരണം ഉറപ്പാക്കുകയും, സർക്കാരിന്റെ എല്ലാ തലങ്ങളിലും എല്ലാ മേഖലകളിലും, പ്രത്യേകിച്ചും ജൈവവൈവിധ്യത്തിൽ കാര്യമായ സ്വാധീനമുണ്ടാക്കുന്നവയിൽ, പൊതുവായതും സ്വകാര്യവുമായ എല്ലാ സുപ്രധാന പ്രവർത്തനങ്ങളിലും, ഈ ഫ്രെയിംവർക്കിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിലും ഉചിതമായ രീതിയിൽ ദേശീയ അക്കൌണ്ടിംഗ് നടത്തുകയും ചെയ്യുക.

15. ബിസിനസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും നിയമപരവും, ഭരണപരവും, നയപരവുമായിട്ടുള്ള നടപടികൾ കൈക്കൊള്ളുക, പ്രത്യേകിച്ചും, ജൈവവൈവിധ്യത്തിനുണ്ടാകുന്ന ദോഷഫലങ്ങൾ ക്രമാനുഗതമായി കുറയ്ക്കുന്നതിനും, നല്ലഫലങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ബിസിനസ്സുകളിലും ധനകാര്യ സ്ഥാപനങ്ങളിലും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട അപകടസാധ്യകൾ കുറയ്ക്കുന്നതിനും, സുസ്ഥിര രീതിയിലുള്ള ഉൽപ്പാദനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, ഇതരദേശ വ്യാപകമായിട്ടുള്ള വൻകിട കമ്പനികളും ധനകാര്യ സ്ഥാപനങ്ങളും,

    - അവരുടെ പ്രവർത്തനങ്ങൾ, വിതരണ ശൃംഖലകൾ, നിക്ഷേപങ്ങൾ എന്നിവയിലൂടെ അവരുടെ ആവശ്യങ്ങളുൾപ്പെടെ, കൃത്യമായി നിരീക്ഷിക്കുകയും, വിലയിരുത്തുകയും, അവരിലൂടെ ജൈവവൈവിധ്യത്തിനുണ്ടാകുന്ന അപകട സാധ്യതകളും, ആശ്രയവും, ആഘാതങ്ങളും സുതാര്യമായി വെളിപ്പെടുത്തുന്നുണ്ടെന്നും;
    - സുസ്ഥിര ഉപഭോഗരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഉപഭോക്താക്കൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും;
    - ബാധകമാകുന്നപക്ഷം, ആക്സസ് ആന്റ് ബെനിഫിറ്റ് ഷെയറിംഗ് നിയന്ത്രണങ്ങളും നടപടികളും നടപ്പാക്കിയത് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്നും ഉറപ്പാക്കുക.

16. ആവശ്യമായ നയരൂപീകരണത്തിലൂടെയും, നിയമങ്ങളിലൂടെയും സുസ്ഥിര ഉപഭോഗം തിരഞ്ഞെടുക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തുക, വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിലൂടെയും പ്രാധാന്യമുള്ളതും കൃത്യതയുള്ളതുമായ വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെയും, 2030 ആകുമ്പോഴേക്കും, ആഗോള ഉപഭോഗ അളവ് ഉചിതമായ രീതിയിൽ കുറച്ചുകൊണ്ട്, ആഗോള ഭക്ഷ്യ മാലിന്യങ്ങൾ പകുതിയായി കുറയ്ക്കുക, എല്ലാ ജനങ്ങൾക്കും ഭൂമിയുമായി യോജിച്ച് സുഖമായി ജീവിക്കുന്നതിന്, അമിത ഉപഭോഗം നല്ലതുപോലെ കുറച്ചുകൊണ്ട് മാലിന്യം കുറയ്ക്കുക.

17. അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടിയിലെ ആർട്ടിക്കിൾ 8(ജി) പ്രകാരമുള്ള ജൈവസുരക്ഷാ രീതികളും ആർട്ടിക്കിൾ 19 പ്രകാരമുള്ള ജൈവസാങ്കേതികത കൈകാര്യം ചെയ്യുന്നതിനും അവയിൽ നിന്നുള്ള നേട്ടങ്ങളുടെ വ്യാപനത്തിനുമുള്ള നടപടികൾ എല്ലാ രാജ്യത്തും നടപ്പിലാക്കുന്നതിനായി ശാക്തീകരിക്കുക.

18. 2025 ആകുമ്പോഴേക്കും, ജൈവവൈവിധ്യത്തിന് ദോഷകരമാകുന്ന, സബ്സിഡികളുൾപ്പെടെയുള്ള, ഇൻസന്റീവുകൾ (പ്രോത്സാഹനങ്ങൾ) തിരിച്ചറിഞ്ഞ്, ആനുപാതികവും, ഫലപ്രദവും നീതിപൂർവ്വവുമായ രീതിയിൽ, ഇല്ലാതാക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുകയും, ഏറ്റവും അപകടകാരികളായ ഇൻസന്റീവുകളിൽ നിന്നും തുടങ്ങി, ക്രമാനുഗതമായി കുറച്ചുകൊണ്ട് 2030 ആകുമ്പോഴേക്കും വർഷത്തിൽ കുറഞ്ഞത് 500 ബില്യൺ യു.എസ്. ഡോളറാക്കുകയും, ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായി നല്ല ഇൻസന്റീവുകൾ ഉയർത്തുകയും ചെയ്യുക.

19. അന്താരാഷ്ട്ര ഉടമ്പടിയുടെ ആർട്ടിക്കിൾ 20 പ്രകാരം, ദേശീയ ജൈവവൈവിധ്യ പരിപാലന ആസൂത്രണ കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതിനായി, ഫലപ്രദവും, സമയബന്ധിതവും, പെട്ടെന്ന് ലഭ്യമാകുന്ന രീതിയിലും, ദേശീയവും അന്തർദേശീയവും, പൊതുവായതും സ്വകാര്യവുമായ ഉറവിടങ്ങളിൽ നിന്നുള്ള എല്ലാവിധ സാമ്പത്തിക സ്രോതസ്സുകളുടെയും തോത് ക്രമാനുഗതമായി വർദ്ധിപ്പിക്കുകയും,

    1. ഔദ്യോഗിക വികസന സഹായമുൾപ്പെടെയുള്ള ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട, അന്തർദേശീയ സാമ്പത്തിക സ്രോതസ്സുകൾ വികസിത രാജ്യങ്ങളിൽ നിന്നും വർദ്ധിപ്പിക്കുകയും, വികസിത അംഗരാഷ്ട്രങ്ങളുടെ ധാർമ്മികബാധ്യത സ്വമേധയാ ഏറ്റെടുക്കുന്ന രാജ്യങ്ങളിൽ നിന്നും, വികസ്വര രാഷ്ട്രങ്ങൾക്ക്, പ്രത്യേകിച്ചും അവികസിത രാജ്യങ്ങൾക്കും ചെറിയ രീതിയിലുള്ള വികസിത

സംസ്ഥാനങ്ങൾക്കും, സാമ്പത്തിക മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങൾക്കും, 2025 ആകുമ്പോഴേക്കും വർഷത്തിൽ കുറഞ്ഞത് 20 ബില്യൺ യു.എസ്. ഡോളറും, 2030 ആകുമ്പോഴേക്കും വർഷത്തിൽ കുറഞ്ഞത് 30 ബില്യൺ യു.എസ്. ഡോളറും നൽകുന്നതിലൂടെയും;

2. ദേശീയ ജൈവവൈവിധ്യ സാമ്പത്തിക ആസൂത്രണവും സമാനമായ രീതികളും തയ്യാറാക്കി നടപ്പിലാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ദേശീയ ആവശ്യങ്ങൾക്കും, മുൻഗണനകൾക്കും, സാഹചര്യങ്ങൾക്കും അനുസൃതമായി, ദേശീയ വിഭവ സമാഹരണം ക്രമേണ ഉയർത്തുന്നതിലൂടെയും;
3. സ്വകാര്യ ഫിനാൻസുകൾ പ്രയോജനപ്പെടുത്തുന്നതിലൂടെയും, സമ്മിശ്രമായിട്ടുള്ള ഫിനാൻസുകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, പുതിയതും അധികവുമായിട്ടുള്ള വിഭവങ്ങൾ വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുന്നതിലൂടെയും, ആഘാത ഫണ്ടുകൾ മറ്റു രീതികൾ എന്നിവയിലൂടെ സ്വകാര്യ മേഖലയെ ജൈവവൈവിധ്യത്തിൽ നിക്ഷേപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിലൂടെയും;
4. പാരിസ്ഥിതിക സേവനങ്ങൾക്ക് പ്രതിഫലം, ഹരിത ബോണ്ടുകൾ, ജൈവവൈവിധ്യ ഫണ്ടുകളും ക്രഡിറ്റുകളും, പാരിസ്ഥിതികവും സാമൂഹികവുമായിട്ടുള്ള സുരക്ഷാസംവിധാനങ്ങളോട്ടുകൂടിയ നേട്ടങ്ങൾ പങ്കുവെയ്ക്കൽ രീതികൾ, തുടങ്ങിയ നൂതന സ്കീമുകളിലൂടെയും;
5. ജൈവവൈവിധ്യവും കാലാവസ്ഥാ പ്രതിസന്ധികൾക്കും വേണ്ടിയുള്ള ഫിനാൻസുകളുടെ ഏകോപനത്തിലൂടെയും അതിലൂടെയുള്ള നേട്ടങ്ങളിലൂടെയും;
6. പരമ്പരാഗത ജനതയും പ്രദേശവാസികളും ഉൾപ്പെടെയുള്ളവരുടെ, കൂട്ടായ പ്രവർത്തനങ്ങളുടെ പങ്കിനെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, പ്രകൃതിയോടിണങ്ങിയുള്ള പ്രവർത്തനങ്ങളിലൂടെയും, സാമൂഹിക പ്രകൃതി വിഭവപരിപാലനം, പൌര സഹകരണം, ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള പൊതുതാൽപ്പര്യം എന്നിവ ഉൾപ്പെടെയുള്ള വിപണി അധിഷ്ഠിതമല്ലാത്ത സമീപനങ്ങളിലൂടെയും;

7. വിഭവലഭ്യതയുടെയും ഉപയോഗത്തിന്റെയും ഫലപ്രാപ്തിയും, കാര്യക്ഷമതയും, സുതാര്യതയും പ്രോത്സാഹിപ്പിക്കുന്നതിലൂടെയും;

2030 ആകുമ്പോഴേക്കും വർഷത്തിൽ കുറഞ്ഞത് 200 ബില്യൺ യു.എസ്. ഡോളറെങ്കിലും സമാഹരിക്കുകയും ചെയ്യുക.

20. കാര്യക്ഷമതാ പരിപോഷണവും വികസനവും, സാങ്കേതികവിദ്യയുടെ വിനിയോഗവും കൈമാറ്റവും ശാക്തീകരിക്കുക, തെക്ക്-തെക്കും, വടക്ക്-തെക്കും, ത്രികോണ സഹകരണത്തിലൂടെ കണ്ടുപിടിത്തത്തിന്റെയും സാങ്കേതികതയുടെയും ശാസ്ത്രീയ സഹകരണത്തിന്റെയും വികസനം പ്രോത്സാഹിപ്പിക്കുക, ആവശ്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്, പ്രത്യേകിച്ചും വികസിത രാഷ്ട്രങ്ങളിൽ, ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനും, ശാസ്ത്രീയ ഗവേഷണങ്ങളും നിരീക്ഷണങ്ങളും ശാക്തീകരിക്കുന്നതിനും, ഫ്രെയിംവർക്കിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും നിറവേറ്റുന്നതിനും, കൂട്ടായ സാങ്കേതിക വികസനവും കൂട്ടായ ശാസ്ത്ര ഗവേഷണ പരിപാടികളും പ്രോത്സാഹിപ്പിക്കുക.

21. തീർപ്പുണ്ടാക്കുന്നവർക്കും നടത്തിപ്പുകാർക്കും പൊതുജനങ്ങൾക്കും, ഫലപ്രദവും തുല്യവുമായ ഭരണനിർവ്വഹണത്തിന് നേതൃത്വം നൽകുന്നതിനും, പങ്കാളിത്ത ജൈവവൈവിധ്യ പരിപാലനത്തിനും ആശയവിനിമയം ശാക്തീകരിക്കുന്നതിനും ബോധവൽക്കരണത്തിനും വിദ്യാഭ്യാസത്തിനും നിരീക്ഷണത്തിനും ഗവേഷണത്തിനും അറിവുകളുടെ സംരക്ഷണത്തിനും, ലഭ്യമായിട്ടുള്ള മികച്ച ഡാറ്റയും, വിവരങ്ങളും അറിവുകളും, ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുകയും, ഇതേ രീതിയിൽ, ദേശീയ നിയമങ്ങൾക്കനുസൃതമായി, പരമ്പരാഗത ജനതയുടെയും പ്രാദേശിക സമൂഹത്തിന്റെയും മുൻകൂർ അനുമതിയോടുകൂടി, പരമ്പരാഗത അറിവുകളും കണ്ടുപിടിത്തങ്ങളും രീതികളും സാങ്കേതികതയും വിനിയോഗിക്കുകയും ചെയ്യുക.

22. പൂർണ്ണവും, തുല്യവും, ഫലപ്രദവും ലിംഗപരവുമായ പ്രാതിനിധ്യവും, ഉറപ്പാക്കുകയും, തീർപ്പുണ്ടാക്കുന്നതിലെ പങ്കാളിത്തവും, സ്ത്രീകളും പെൺകുട്ടികളും, കുട്ടികളും യുവാക്കളും, അവശത അനുഭവിക്കുന്നവരുമുൾപ്പെടെയുള്ള, പരമ്പരാഗത ജനതയുടെയും പ്രാദേശിക സമൂഹത്തിന്റെയും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട അറിവുകളുടെ നീതിപൂർവ്വമായ വിനിയോഗം, സ്ഥലത്തിലും പ്രദേശത്തും,

വിഭവങ്ങളിലും പരമ്പരാഗത അറിവുകളിലുമുള്ള അവരുടെ അവകാശങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ട് ഉറപ്പാക്കുക, പരിസ്ഥിതി മനുഷ്യാവകാശ പരിരക്ഷകരുടെ പൂർണ്ണമായ സംരക്ഷണവും ഉറപ്പാക്കുക

23. ലിംഗപരമായിട്ടുള്ള സമീപനങ്ങളിലൂടെ ഫ്രെയിംവർക്ക് നടപ്പാക്കുന്നതിൽ ലിംഗസമത്വം ഉറപ്പാക്കുക, സ്ഥലവും പ്രകൃതി വിഭവങ്ങളും വിനിയോഗിക്കുന്നതിലെ അവരുടെ തുല്യ അവകാശങ്ങളും, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലെയും പ്രവർത്തനങ്ങളിൽ പൂർണ്ണവും, തുല്യവും, ഫലപ്രദവുമായ പങ്കാളിത്തം, നേതൃത്വം, നയരൂപീകരണം, തീർപ്പുണ്ടാക്കൽ എന്നിവയിലൂടെ കൺവെൻഷന്റെ മൂന്നു ലക്ഷ്യങ്ങളിലും സഹകരിക്കുന്നതിന് എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും തുല്യ അവസരവും കഴിവും ഉറപ്പാക്കുക.

**ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ**

KM-GBF ന്റെ മേൽ പ്രസ്താവിച്ചിട്ടുള്ള 23 ലക്ഷ്യങ്ങൾ 2030 നകം കൈവരിക്കേണ്ടതിനാൽ, പ്രസ്തുത ആഗോള ലക്ഷ്യങ്ങൾക്കനുസൃതമായിട്ട് ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളിലും, ദേശീയ ജൈവവൈവിധ്യ ആസൂത്രണ കർമ്മപദ്ധതിയിലും 2023-24 കാലയളവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം ആകെ 23 ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളാണുള്ളത്. പ്രസ്തുത ലക്ഷ്യങ്ങൾ താഴെപ്പറയുംപ്രകാരം മൂന്നു മേഖകളിലായി ഉൾപ്പെടുത്തിയിരിക്കുന്നു:

1) ജൈവവൈവിധ്യ നേരിടുന്ന ഭീഷണികൾ കുറയ്ക്കുക

**ലക്ഷ്യം 1** – ജൈവവൈവിധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃത സമുദ്ര/ ഭൂവിനിയോഗ ആസൂത്രണം.

**ലക്ഷ്യം 2** – ആവാസവ്യവസ്ഥാ പുനഃസ്ഥാപനം.

**ലക്ഷ്യം 3** – കരയിലെയും സമുദ്രത്തിലെയും പ്രദേശങ്ങൾ സംരക്ഷിച്ച് പരിപാലിക്കൽ.

**ലക്ഷ്യം 4** – ജൈവജാതി, ജനിതക വൈവിധ്യങ്ങളുടെ പരിപാലനം.

**ലക്ഷ്യം 5** – വന്യ ജീവജാലങ്ങളുടെ വിളവെടുപ്പ്, വ്യാപാരം, ഉപയോഗം.

**ലക്ഷ്യം 6** – അധിനിവേശ ജീവജാലങ്ങൾ.

**ലക്ഷ്യം 7** – മലിനീകരണം മൂലമുള്ള അപകടങ്ങളും ദോഷഫലങ്ങളും കുറയ്ക്കുക.

**ലക്ഷ്യം 8** – കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുക.

2) സുസ്ഥിരോപയോഗം പ്രയോജനങ്ങളുടെ പങ്കുവെയ്ക്കൽ എന്നിവയിലൂടെ ജനങ്ങളുടെ ആവശ്യങ്ങൾ നടപ്പിലാക്കുക.

**ലക്ഷ്യം 9** – പലവിധ നേട്ടങ്ങൾക്കായി വന്യ ജീവജാലങ്ങളുടെ സുസ്ഥിരോപയോഗം.

**ലക്ഷ്യം 10 –** കൃഷി, മൃഗസംരക്ഷണം, അക്വാകൾച്ചർ, മത്സ്യബന്ധനം, വനപ്രദേശങ്ങൾ
എന്നിവയുടെ സുസ്ഥിര പരിപാലനം.

**ലക്ഷ്യം 11 –** ആവാസവ്യവസ്ഥാ സേവനങ്ങളുടെ പരിപാലനവും വായു, ജലം, അപകടങ്ങൾ, തീവ്രമായ സ്ഥിതിഗതികൾ എന്നിവയുടെ നിയന്ത്രണവും.

**ലക്ഷ്യം 12 –** ഹരിത നീലയിടങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അവയുടെ വിസ്തൃതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുക.

**ലക്ഷ്യം 13 –** ഉപയോഗവും പ്രയോജനങ്ങളുടെ പങ്കുവെയ്ക്കലും വർദ്ധിപ്പിക്കുക.

3) നിർവ്വഹണത്തിനും മുഖ്യധാരയിലെത്തിക്കുന്നതിനുമുള്ള രീതികളും പരിഹാരങ്ങളും

**ലക്ഷ്യം 14 –** ജൈവവൈവിധ്യം മുഖ്യധാരയിലേക്ക്

**ലക്ഷ്യം 15 –** സുസ്ഥിര ഉൽപ്പാദനവും, വിതരണ ശൃംഖലകളും, അപകട സാധ്യത വെളിപ്പെടുത്തലും.

**ലക്ഷ്യം 16 –** സുസ്ഥിരേതര ഉപഭോഗം ഇല്ലാതാക്കൽ.

**ലക്ഷ്യം 17 –** ജൈവസുരക്ഷ നിയന്ത്രണ സാധ്യതകൾ ശാക്തീകരിക്കൽ.

**ലക്ഷ്യം 18 –** ദോഷകരമായിട്ടുള്ള പ്രോത്സാഹനങ്ങൾ (ഇൻസന്റീവുകൾ) പുനഃക്രമീകരിക്കുക.

**ലക്ഷ്യം 19 –** വിഭവ സമാഹരണം

**ലക്ഷ്യം 20 –** കാര്യക്ഷമതാ വികസനവും, ശാസ്ത്ര-സാങ്കേതിക സഹകരണവും.

**ലക്ഷ്യം 21 –** ആശയവിനിമയം, ബോധവൽക്കരണം, അറിവ് സംരക്ഷണം

**ലക്ഷ്യം 22 –** തീരുമാനമെടുക്കുന്നതിൽ തുല്യവും ഫലപ്രദവുമായ പങ്കാളിത്തം.

**ലക്ഷ്യം 23 –** തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള ലിംഗസമത്വം.

## കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM-GBF)- ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾക്കനുസൃതമായി പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ

കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്കിന്റെ 23 ആഗോള ലക്ഷ്യങ്ങൾക്കനുസൃതമായി, ഭേദഗതി വരുത്തിയ ഇന്ത്യയുടെ 23 ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സൂചകങ്ങളും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനരീതികളും ചുവടെ ചേർക്കുന്നു. പ്രസ്തുത ലക്ഷ്യങ്ങൾ 2030 നകം നടപ്പിലാക്കേണ്ടവയായതിനാൽ, ആയതുകൂടി പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

**ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും**

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| ദേശീയ ലക്ഷ്യം 1 – ജൈവവൈവിധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃത സമുദ്ര ഭൂവിനിയോഗ ആസൂത്രണം. | |
| • സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• ജൈവവൈവിധ്യ സംബന്ധമായ സ്പേഷ്യൽ പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുള്ള കരയുടെയും സമുദ്രത്തിന്റെയും ശതമാനം.<br>• മുൻഗണനാടിസ്ഥാനത്തിൽ നിലനിർത്തിയിട്ടുള്ള വിജനപ്രദേശങ്ങളുടെ വിസ്തൃതി.<br>• സമുദ്ര സംരക്ഷിത കേന്ദ്രങ്ങളിലോ തീരസംരക്ഷണ പരിപാലന സോണുകളിലോ ഉൾപ്പെട്ടിട്ടുള്ള ആവാസകേന്ദ്രങ്ങളുടെ വിസ്തൃതി.<br>• മറ്റ സ്പേഷ്യൽ മാനേജ്മെന്റ് പ്ലാനുകൾ (സമുദ്ര–തീരദേശ പരിപാലന സ്പേഷ്യൽ പ്ലാനിംഗിൽ ഉൾപ്പെട്ടിട്ടില്ലാത്തവ).<br>• ആസൂത്രണ പ്രക്രിയയിൽ സമുദ്ര സംബന്ധമായിട്ടുള്ള വിവരങ്ങൾ ഉപയോഗിക്കുന്ന രാജ്യങ്ങളുടെ എണ്ണം.<br>• കൃഷി ചെയ്യുന്ന ആകെ കരഭൂമിയുടെ ശതമാനം.<br>• വിവിധ സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• നയരൂപീകരണത്തിലും ആസൂത്രണത്തിലും ജൈവവൈവിധ്യത്തിന്റെയും പാരിസ്ഥിതിക സേവനങ്ങളുടെയും പ്രതിഫലനം (ശതമാനം).<br>• പുഴയോര ആവാസവ്യവസ്ഥകളുടെയും തണ്ണീർത്തടങ്ങളുടെയും (കരയിലെയും തീരപ്രദേശത്തെയും) വിസ്തൃതി.<br>• ഏകീകൃത പരിപാലന പ്ലാനുകളിലുൾപ്പെട്ട തണ്ണീർത്തടങ്ങളുടെ എണ്ണം. | • ഭൂവിനിയോഗം, വനപ്രദേശം, തണ്ണീർത്തടം, തീരപ്രദേശ, സമുദ്ര ആവാസവ്യവസ്ഥകൾ, പാഴ്നിലങ്ങൾ, നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകൾ, ജലവിഭവങ്ങൾ, കാർഷിക ജൈവവൈവിധ്യം തുടങ്ങി ജൈവവൈവിധ്യത്തിന്റെ വിവിധ ഘടകങ്ങളെ സ്പേഷ്യൽ പ്ലാനിംഗിന്റെ വിവിധതലങ്ങളിൽ ഏകീകരിക്കൽ.<br>• വിവിധ ഉറവിടങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് "ബയോഡൈവേഴ്സിറ്റി ഡിസിഷൻ സപ്പോർട്ടിംഗ് സിസ്റ്റ"ത്തിനായി ഒരു വെബ് പോർട്ടൽ രൂപീകരിക്കൽ. |
| ദേശീയ ലക്ഷ്യം 2 – ആവാസവ്യവസ്ഥാ പുനഃസ്ഥാപനം. | |
| • പുനരുജ്ജീവനം നടത്തുന്ന പ്രദേശങ്ങൾ വിസ്തൃതി.<br>• വിവിധ സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• പരസ്പരം ബന്ധപ്പെട്ട കിടക്കുന്ന സ്വാഭാവിക ആവാസവ്യവ്യസ്ഥകളുടെ പുനരുജ്ജീവനവും പരിപാലനവും. (വിസ്തൃതി/ എണ്ണം)<br>• ആവാസകേന്ദ്രങ്ങളുടെ വ്യാപനം.<br>• വലിയ സസ്തനികളുടെ ഭൂപ്രദേശങ്ങൾ, വിജനപ്രദേശങ്ങൾ, കാലാവസ്ഥാ സ്ഥിരതയുള്ള പ്രദേശങ്ങൾ (വിസ്തൃതി).<br>• ദ്വിതീയ സ്വാഭാവിക വനപ്രദേശങ്ങളുടെ വർദ്ധനവ് (വിസ്തൃതി).<br>• മുൻഗണനാടിസ്ഥാനത്തിൽ നിലനിർത്തിയിട്ടുള്ള വിജനപ്രദേശങ്ങൾ. (വിസ്തൃതി)<br>• സുപ്രധാന ജൈവവൈവിധ്യ മേഖലകളുടെ | • വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പാരിസ്ഥിതിക പുനരുജ്ജീവന പ്രവർത്തനങ്ങൾ. |

| | |
|---|---|
| ജൈവസമ്പന്നതയുടെ തോത്.<br>• റെഡ് ലിസ്റ്റ് സൂചിക.<br>• വനപ്രദേശത്തിന്റെ വിസ്തൃതി.<br>• ജല ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• കണ്ടൽപ്രദേശങ്ങൾ, തീരദേശ പരിപാലനം എന്നിവയുടെ തോത്.<br>• നദീജല ഗുണനിലവാര സൂചിക.<br>• വനവൽക്കരണം, പുനരുജ്ജീവനം എന്നിവയുടെ തോത്.<br>• മരുഭൂമിവൽക്കരണം ഇല്ലാതാക്കൽ. (ശതമാനം)<br>• സ്പീഷീസുകളുടെ വീണ്ടെടുക്കൽ. (ശതമാനം, എണ്ണം)<br>• സ്വാഭാവിക രീതികളിലൂടെ കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത നിലനിർത്തൽ (ശതമാനം). | |
| ദേശീയ ലക്ഷ്യം 3 – കരയിലെയും കടലിലെയും പ്രദേശങ്ങൾ സംരക്ഷിച്ച് പരിപാലിക്കൽ. | |
| • സംരക്ഷിത പ്രദേശങ്ങളുടെയും മറ്റ് പ്രദേശാടിസ്ഥാനത്തിലുള്ള ഫലപ്രദമായിട്ടുള്ള സംരക്ഷണ രീതികളുടെയും (OECMs) വ്യാപ്തി.<br>• സംരക്ഷിത പ്രദേശങ്ങളിലെ സുപ്രധാന ജൈവവൈവിധ്യ മേഖലകൾ.<br>• സംരക്ഷിത പ്രദേശങ്ങളുടെ പരിപാലന ഫലപ്രാപ്തി.<br>• സുപ്രധാന ജൈവവൈവിധ്യ മേഖലകളുടെ അവസ്ഥ. (ജൈവസമ്പന്നതയുടെ തോത്)<br>• യുണെസ്കോയുടെ പട്ടികയിലുൾപ്പെട്ട പ്രദേശങ്ങളുടെ വിസ്തൃതി.<br>• സംരക്ഷിത പ്രദേശങ്ങളുടെയും മറ്റ് പ്രദേശാടിസ്ഥാനത്തിലുള്ള ഫലപ്രദമായിട്ടുള്ള സംരക്ഷണ രീതികളുടെയും (OECM) ഫലപ്രാപ്തി സൂചകങ്ങൾ.<br>• സംരക്ഷിത പ്രദേശങ്ങളുടെയും OECM സംരക്ഷണ പ്രദേശങ്ങളുടെയും വ്യാപ്തി.<br>• ദേശാടന ജീവജാലങ്ങൾക്ക് പ്രധാന്യമുള്ള പ്രധാനപ്പെട്ട ജൈവവൈവിധ്യ മേഖലകളുടെ വ്യാപ്തി.<br>• സംരക്ഷിത പ്രദേശങ്ങളുടെയും OECM മുഖേനയുള്ള സംരക്ഷണ പ്രദേശങ്ങളുടെയും പരമ്പരാഗത മേഖലകളുടെയും വ്യാപ്തി (ഭരണപരമായിട്ടുള്ളത്).<br>• രാംസർ പരിപാലന ഫലപ്രാപ്തി വിലയിരുത്തൽ രീതികൾ (R-METT).<br>• ഏതെങ്കിലും രീതിയിൽ പരമ്പരാഗത ജനതയ്ക്കും പ്രാദേശിക സമൂഹത്തിനും പ്രാധാന്യമുള്ള സ്ഥല ത്തിന്റെ വ്യാപ്തി.<br>• സംരക്ഷിത പ്രദേശങ്ങളായിട്ടുള്ളതോ, OECM സംരക്ഷണ പ്രദേശങ്ങളായിട്ടുള്ളതോ ആയ കര, ശുദ്ധജലം, സമുദ്ര പാരിസ്ഥിതിക മേഖലകളുടെ അനുപാതം. | • ഭൂപ്രകൃതി അടിസ്ഥാനത്തിലുള്ളതും നിയമപരമായിട്ടുള്ളതുമായ OECM വിഭാഗത്തിലുൾപ്പെട്ട സംരക്ഷിത പ്രദേശങ്ങൾ. |

| | |
|---|---|
| • നിയമപരമായിട്ടുള്ള നാല് വിഭാഗങ്ങളിലെ സംരക്ഷിത മേഖലകൾ (നാഷണൽ പാർക്ക്, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വുകൾ, കൺസർവേഷൻ റിസർവ്വുകൾ). (വിസ്തൃതി)<br>• മറ്റു പ്രദേശാടിസ്ഥാനത്തിലുള്ള സംരക്ഷണ രീതികൾ.<br>• ജൈവവൈവിധ്യ നിയമം, 2002 പ്രകാരം ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ. (എണ്ണം, വിസ്തൃതി)<br>• സംയോജിത പരിപാലനത്തിൽ ഉൾപ്പെട്ടിട്ടുള്ള തണ്ണീർത്തടങ്ങൾ. (എണ്ണം, വിസ്തൃതി)<br>• പ്രധാന പക്ഷി കേന്ദ്രങ്ങൾ. (എണ്ണം, വിസ്തൃതി)<br>• 16 IDWH സ്പീഷീസുകളുടെയും 7 സമുദ്ര സ്പീഷീസുകളുടെയും അവസ്ഥയും ജനസംഖ്യാ സൂചികയും.<br>• നാല് നിർദ്ദിഷ്ട വിഭാഗങ്ങളിലെയും വനപ്രദേശങ്ങളുടെ എണ്ണം, വ്യാപ്തി.<br>• റെഡ് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഇന്ത്യയിലെ സസ്യ-ജന്തുജാലങ്ങളുടെ എണ്ണം, ശതമാനം.<br>• വായു, ജല ഗുണനിലവാരത്തിന്റെയും, ശബ്ദ മലിനീകരണത്തിന്റെയും തോത്.<br>• അപൂർവ്വമായിട്ടുള്ള കാർഷിക ജൈവവൈവിധ്യ പ്രദേശങ്ങളുടെ വിസ്തൃതിയും അവയുടെ ഭീഷണികളും. | |
| ദേശീയ ലക്ഷ്യം 4 - ജൈവജാതി, ജനിതക വൈവിധ്യങ്ങളുടെ പരിപാലനം. | |
| • റെഡ് ലിസ്റ്റ് സൂചിക<br>• ഇടത്തര-ദീർഘകാല സംരക്ഷണ സംവിധാനങ്ങളിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുള്ള സസ്യ-ജന്തു ജനിതക വിഭവങ്ങളുടെ എണ്ണം.<br>• മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും നിലനിൽപ്പിന്റെയും സുസ്ഥിരവും ഫലപ്രദവുമായിട്ടുള്ള പരിപാലനത്തിലെ ഫലപ്രാപ്തി (ശതമാനം).<br>• 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള സ്പീഷീസുകളുടെ സംരക്ഷണാവസ്ഥ. (ശതമാനം)<br>• വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളിൽ മെച്ചപ്പെട്ട അവസ്ഥയിലാകുന്നവയുടെ ശതമാനം.<br>• വംശനാശ ഭീഷണിയുള്ളതായി തരംതിരിച്ചിട്ടുള്ള പ്രാദേശിക ബ്രീഡുകളുടെ അനുപാതം.<br>• അധിനിവേശ ജീവജാലങ്ങളുടെ വ്യാപനതോത്.<br>• തിരഞ്ഞെടുത്ത ജീവജാലങ്ങളുടെ എണ്ണം.<br>• വംശനാശ ഭീഷണി നേരിടുന്ന ടാക്സകളെ എടുത്തുകാണിക്കുന്നതിനും അവയുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി ജൈവജാതികളുടെയും ഉപജാതികളുടെയും ഇനങ്ങളുടെയും ദേശീയതലത്തിലെ സംരക്ഷണാവസ്ഥ. | • സ്പീഷീസുകൾ ഫലപ്രദമായി സംരക്ഷിക്കുന്നതിനും അവയുടെ ജനിതക വൈവിധ്യം പരിപാലിക്കുന്നതിനുമായി ടാക്സോണമി, സ്പീഷിസുകളുടെ വീണ്ടെടുക്കലും പരിപാലനവും, ബ്രീഡിംഗ്, നിരീക്ഷണം എന്നിവ നടത്തുന്നതിന് കഴിവുള്ള BSI, ZSI തുടങ്ങിയ സ്ഥാപനങ്ങളുടെ വർദ്ധനവും ശാക്തീകരണവും. |

| | |
|---|---|
| ജന്തു ജനിതക വൈവിധ്യം :<br>• തനത്/ വളർത്തുമൃഗങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• വളർത്തുമൃഗങ്ങളുടെ എണ്ണം (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• തനത് ജന്തുയിനങ്ങളുടെ സംരക്ഷണത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി.<br>• സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പുറത്തുള്ള ശേഖരത്തിൽ നിന്നുള്ള ജേംപ്ലാസം ഉപയോഗത്തിന്റെ തോത്.<br>സസ്യ ജനിതക വൈവിധ്യം:<br>• തനതിനങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• കൃഷിചെയ്യുന്ന വിസ്തൃതിയുടെയും, വിളവിന്റെയും തോത് (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• തനത് വിളയിനങ്ങളുടെയും അവയുടെ വന്യബന്ധുക്കളുടെയും സംരക്ഷണത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി.<br>• സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പുറത്തുള്ള ശേഖരത്തിൽ നിന്നുള്ള ജേംപ്ലാസം ഉപയോഗത്തിന്റെ തോത്. | |
| ദേശീയ ലക്ഷ്യം 5 – വന്യ ജീവജാലങ്ങളുടെ വിളവെടുപ്പ്, വ്യാപാരം, ഉപയോഗം. | |
| • ഉപയോഗിച്ച സ്പീഷീസുകളുടെ റെഡ് ലിസ്റ്റ് സൂചിക<br>• വന്യജീവജാലങ്ങളുടെ സുസ്ഥിരോപയോഗ തോത്.<br>• അന്താരാഷ്ട്രതലത്തിൽ വ്യാപാരം നടത്തുന്ന ജീവജാലങ്ങളുടെയും ദേശാടന ജീവികളുടെയും റെഡ് ലിസ്റ്റ് സൂചിക.<br>• അറിയാതെ പിടിക്കപ്പെടുന്ന നാശോന്മുഖമാകാനിടയുള്ള സ്പീഷീസുകളുടെ എണ്ണം.<br>• വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുൾപ്പെടെയുള്ള സ്പീഷിസുകളുടെ നിയമപരവും അല്ലാത്തതുമായ വന്യജീവി വ്യാപാരത്തിന്റെ അനുപാതം.<br>• ദേശീയ ജൈവവൈവിധ്യ നയത്തിന്റെ ഭാഗമായി വ്യാപാരം ഉൾപ്പെടുത്തിയിട്ടുള്ള രാജ്യങ്ങളുടെ എണ്ണം.<br>• സംരക്ഷിത പ്രദേശങ്ങളായോ മറ്റ് ഫലപ്രദമായിട്ടുള്ള സംരക്ഷണ രീതികളിലൂടെയോ സംരക്ഷിക്കപ്പെട്ടിട്ടുള്ള കരയിലെയും, ശുദ്ധജലത്തിലെയും സമുദ്രത്തിലെയും പ്രദേശങ്ങളുടെ അനുപാതം.<br>• മത്സ്യബന്ധനം, വേട്ടയാടൽ എന്നിവയിലൂടെ ദേശാടന ജീവികൾക്കും അവയുടെ ആവാസകേന്ദ്രങ്ങൾക്കും ഉണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലെ ഫലപ്രാപ്തി. | • ഉടമ്പടികളുടെയും നയങ്ങളുടെയും നിയമങ്ങളുടെും പിൻബലത്തോടുകൂടി വന്യ ജീവജാലങ്ങളുടെ വിളവെടുപ്പ്, ഉപയോഗം, വ്യാപാരം എന്നിവ നിയന്ത്രിക്കുന്നതിനുള്ള നിരവധി കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകളും വകുപ്പുകളും, അന്താരാഷ്ട്ര ഏജൻസികൾ, ദേശീയ/സംസ്ഥാനതല ശാസ്ത്രീയ, ആസൂത്രണ പരിശീലന സ്ഥാപനങ്ങൾ. |

| | |
|---|---|
| • മറൈൻ സ്റ്റവർഡ്ഷിപ്പ് കൌൺസിലുകളുടെ എണ്ണം.<br>• സുസ്ഥിരവും നിയമപരവുമായിട്ടുള്ള ജൈവവൈവിധ്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ വ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും തോത് (ജൈവവ്യാപാര തത്വങ്ങൾക്കും/ CITES നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ട്).<br>• രാജ്യത്ത് സ്ഥാപിച്ചിട്ടുള്ള ഔഷധസസ്യ സംരക്ഷണ കേന്ദ്രങ്ങളുടെ (MPCAs) എണ്ണം.<br>• ഇന്ത്യൻ ചികിത്സാ സമ്പ്രദായങ്ങളിൽ ഉപയോഗിക്കുന്ന അസംസ്കൃത ഔഷധങ്ങൾ ലഭ്യമാകുന്ന സസ്യ ശേഖരത്തിന്റെ തോത്. | |
| ദേശീയ ലക്ഷ്യം 6 – അധിനിവേശ ജീവജാലങ്ങൾ. | |
| • അധിനിവേശ ജീവജാലങ്ങളുടെ വ്യാപനതോത്.<br>• റെഡ് ലിസ്റ്റ് സൂചിക (അധീനിവേശ ജീവജാലങ്ങൾ കൊണ്ടുണ്ടാകുന്ന ആഘാതങ്ങൾ)<br>• മുൻഗണനാടിസ്ഥാനത്തിലുള്ള അധിനിവേശ ജീവജാലങ്ങൾ, സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനം, തണ്ണീർത്തട പരിപാലനം എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പരിപാലനത്തിനായി വികസിപ്പിച്ചിട്ടുള്ള പദ്ധതികളുടെ എണ്ണവും വിസ്തൃതിയും.<br>• അധിനിവേശ ജീവജാലങ്ങൾ ബാധിക്കപ്പെട്ട പ്രദേശങ്ങളുടെ വിസ്തൃതി.<br>• അധിനിവേശ ജീവജാലങ്ങളുടെ വ്യാപനത്തിന്റെയും ആഘാതത്തിന്റെയും തോത്.<br>• അധിനിവേശ ജീവജാലങ്ങളുടെ പരിപാലന തോത്.<br>• ദേശീയ ലിസ്റ്റിലുൾപ്പെട്ട അധിനിവേശ ജീവജാലങ്ങളുടെ എണ്ണം. | • അധിനിവേശ ജീവജാലങ്ങളുടെ പരിപാലനത്തിനായുള്ള സുപ്രധാന ഏജൻസികളെന്ന നിലയിൽ വനം, വന്യജീവി, പരിസ്ഥിതി, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം തുടങ്ങിയ സംസ്ഥാന വകുപ്പുകൾക്ക് മനുഷ്യശേഷിയിലൂടെയും, അടിസ്ഥാനസൌകര്യമായും, സാങ്കേതിക വിദ്യയിലൂടെയും, സാമ്പത്തികമായും സഹകരണം നൽകുക. |
| ദേശീയ ലക്ഷ്യം 7 – മലിനീകരണം മൂലമുള്ള അപകടങ്ങളും ദോഷഫലങ്ങളും കുറയ്ക്കുക. | |
| • വളങ്ങളുടെ ഉപയോഗ തോത്.<br>• സുരക്ഷിതമായി സംസ്കരിച്ച ഗാർഹിക, വ്യാവസായിക മലിനജലത്തിന്റെ ഒഴുക്കിന്റെ അനുപാതം.<br>• റെഡ് ലിസ്റ്റ് സൂചിക (മലിനീകരണം മൂലമുള്ള ആഘാതം)<br>• ശേഖരിച്ചതും സംസ്കരിച്ചതുമായ നഗര ഖരമാലിന്യത്തിന്റെ തോത്.<br>• അപകടകരമായിട്ടുള്ള മാലിന്യങ്ങൾ പുറന്തള്ളുന്നതിന്റെ തോത്.<br>• തീവ്രഅപകടകാരികളായിട്ടുള്ള കീടനാശിനികളുടെ ഇനംതിരിച്ചുള്ള പേര്, അളവ്/ വ്യപ്തി/തീവ്രത (കരയിലെയും സമുദ്രങ്ങളിലെയും)<br>• വിളഭൂമിയിലെ കീടനാശിനികളുടെ ഉപയോഗത്തിന്റെ തോത്.<br>• വായു, ജല ഗുണനിലവാരത്തിന്റെയും ശബ്ദ | • ഗവേഷണം, ശേഷി, സാങ്കേതികവിദ്യ എന്നിവയുടെ ശാക്തീകരണം, മനുഷ്യവിഭവശേഷി, നിരീക്ഷണ സംവിധാനങ്ങൾ, എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള സാമ്പത്തിക സഹായം തുടങ്ങിയ നിലവിലെ പ്രയത്നങ്ങളെ പരിപോഷിപ്പിക്കൽ. |

| | |
|---|---|
| മലിനീകരണത്തിന്റെയും സൂചിക.<br>• മനുഷ്യ വികസന സൂചിക – ഇന്ത്യയിലെ ജീവിതനിലവാര സൂചിക.<br>• തണ്ണീർത്തടങ്ങൾ/ നദികൾ/ ജലജീവികൾ എന്നിവയിലെ വിഷപദാർത്ഥങ്ങളുടെ അളവ്.<br>• ഇന്ത്യയിൽ വീണ്ടെടുത്ത വനപ്രദേശങ്ങളുടെ വിസ്തൃതി.<br>• ഭൂഗർഭജല മലിനീകരണത്തിന്റെയും ഭൂഗർഭജല വിതാനത്തിന്റെയും തോത്.<br>• കൃഷി/ജൈവ ഉൽപ്പന്നങ്ങൾ എന്നിവയിൽ രാസവസ്തുക്കളുടെയും വളങ്ങളുടെയും ഉപയോഗത്തിന്റെ തോത്.<br>• സംയോജിത പരിപാലനത്തിലൂടെ ശുദ്ധജലം പ്രദാനം ചെയ്യുന്ന തണ്ണീർത്തടങ്ങളുടെ എണ്ണം, വ്യാപ്തി.<br>• മെച്ചപ്പെട്ട ജല സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന ജനങ്ങളുടെ അനുപാതം.<br>• നഗരങ്ങളിലെ ഗ്രീൻ സ്പേസിന്റെ വ്യാപ്തി. | |
| ദേശീയ ലക്ഷ്യം 8 – കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുക. | |
| • ജൈവവൈവിധ്യം ഉൾപ്പെടുന്ന സെന്ററായി ദുരന്ത നിവാരണ ഫ്രെയിംവർക്ക് പ്രകാരം ദേശീയ ദുരന്ത നിവാരണ തന്ത്രങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുള്ള രാജ്യങ്ങളുടെ എണ്ണം.<br>• ഭൂവിനിയോഗത്തിലൂടെയും ഭൂവിനിയോഗ മാറ്റത്തിലൂടെയുമുള്ള ദേശീയ ഹരിതഗൃഹ കണ്ടെത്തലുകളുടെ തോത്<br>• മണ്ണിനുമുകളിലുള്ള വനത്തിന്റെ ബയോമാസ് സ്റ്റോക്ക് (ടൺ/ഹെക്ടർ)<br>• ഭൂവിനിയോഗ വിഭാഗത്തിലെയും, പ്രകൃത്യാലുള്ളതും അല്ലാത്തതുമായ പ്രദേശത്തിന്റെയും കാർബൺ സ്റ്റോക്കും വാർഷിക ഹരിതഗൃഹ വാതക പുറന്തള്ളലും. (ശതമാനം).<br>• ജൈവവൈവിധ്യം ഉൾപ്പെടുത്തി നടപ്പിലാക്കിയ കാലാവസ്ഥാ വ്യതിയാന അനുരൂപണങ്ങളും ലഘൂകരണ സംവിധാനങ്ങളും. (എണ്ണം)<br>• കാലാവസ്ഥാ വ്യതിയാന സംസ്ഥാന കർമ്മപദ്ധതി നടപ്പിലാക്കൽ. (ശതമാനം)<br>• ജൈവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥാ സേവന വിലയിരുത്തൽ പഠനങ്ങളുടെയും എണ്ണവും ഫലപ്രാപ്തിയും.<br>• ജൈവവൈവിധ്യവുമായി ബന്ധപ്പെട്ടുള്ള പഠനങ്ങളുടെ എണ്ണവും വ്യാപ്തിയും<br>• ആവാസവ്യവസ്ഥാ സേവനങ്ങൾ, ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണത്തിനും പരിപോഷണത്തിനുമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിലൂടെയും, സംയോജിത നീർത്തട പരിപാലന പ്രോഗ്രാമിലൂടെയും | • NAPCC ഉം അവയുടെ 8 മിഷനുകൾ, SAPCC എന്നിവയിലൂടെ നടപ്പിലാക്കൽ. |

| | |
|---|---|
| നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങളുടെ എണ്ണവും ഫലപ്രാപ്തിയും.<br>• ജലസേചന പദ്ധതികളുടെ ഭാഗമായിട്ടുള്ള വൃഷ്ടിപ്രദേശങ്ങളുടെ വിസ്തൃതി.<br>• തിരഞ്ഞെടുത്ത ആവാസവ്യവസ്ഥാ സേവനങ്ങളുടെ സാമ്പത്തികവും സാമ്പത്തികേതരവുമായിട്ടുള്ള വിലയിരുത്തൽ പഠനങ്ങളുടെ എണ്ണവും ഫലപ്രാപ്തിയും.<br>• നയപരമായിട്ടുള്ള തീരുമാനങ്ങളിലും, ആസൂത്രണത്തിലും റിപ്പോർട്ടിംഗിലും ജൈവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥാ സേവനങ്ങളുടെയും പ്രതിഫലന തോത്.<br>• ജൈവവൈവിധ്യം ഉൾപ്പെടെയുള്ള പാരിസ്ഥിതിക ആഘാത വിലയിരുത്തലിന്റെയും, സ്ട്രാറ്റജിക എൻവയോൺമെന്റ് അസസ്മെന്റ് പഠനങ്ങളുടെ എണ്ണം (CEIA).<br>• ജൈവവൈവിധ്യത്തിനും ആവാസവ്യവസ്ഥാ സേവനങ്ങൾക്കും ഗുണകരമാകുന്ന ഇൻസന്റീവുകളുടെ കണ്ടെത്തൽ, വിലയിരുത്തൽ, നടപ്പിലാക്കൽ, ശാക്തീകരണം. | |
| ദേശീയ ലക്ഷ്യം 9 – പലവിധ നേട്ടങ്ങൾക്കായി വന്യ ജീവജാലങ്ങളുടെ സുസ്ഥിരോപയോഗം. | |
| • വന്യ ജീവജാലങ്ങളുടെ സുസ്ഥിരോപയോഗത്തിലൂടെയുള്ള നേട്ടങ്ങളുടെ എണ്ണം.<br>• പരമ്പരാഗത തൊഴിലുകൾ ചെയ്യുന്ന ജനവിഭാഗങ്ങളുടെ ശതമാനം.<br>• ഊർജ്ജം, ആഹാരം, ആചാരം (വിറകു ശേഖരണം, വേട്ടയാൽ, മത്സ്യബന്ധനം, ഔഷധ ഉപയോഗം, കരകൌശല നിർമ്മാണം എന്നിവയുൾപ്പെടെ) എന്നീ ആവശ്യങ്ങൾക്കായി വന്യ വിഭവങ്ങൾ ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം.<br>• റെഡ് ലിസ്റ്റ് സൂചിക (ഭക്ഷണത്തിനും ഔഷധത്തിനും ഉപയോഗിക്കുന്ന സ്പീഷീസുകൾ).<br>• ജൈവവൈവിധ്യ സുസ്ഥിരത തലത്തിലുൾപ്പെടുന്ന മത്സ്യ അളവിന്റെ അനുപാതം.<br>• നിയമപരമല്ലാത്തതും അനിയന്ത്രിതവുമായിട്ടുള്ള മത്സ്യബന്ധനം തടയുന്നതിനായി ലക്ഷ്യമിട്ടുള്ള അന്താരാഷ്ട്ര രീതികൾ നടപ്പാക്കിയതിന്റെ തോത്.<br>• വാണിജ്യാടിസ്ഥാനത്തിൽ ചൂഷണം ചെയ്യുന്ന സ്പീഷിസുകളുടെ അണ്ഡോൽപ്പാദന അളവ്.<br>• ഇടക്കാല-ദീർഘകാല സംരക്ഷണ സംവിധാനങ്ങളിലൂടെ പരിപാലിക്കപ്പെട്ടിട്ടുള്ള, ആഹാരത്തിനും കൃഷിക്കും ഉപയോഗിക്കുന്ന സസ്യ-ജന്തു ജനിതക വിഭവങ്ങളുടെ എണ്ണം.<br>• ബി.എം.സി. കൾ തയ്യാറാക്കിയിട്ടുള്ള പി.ബി.ആറുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഔഷധസസ്യങ്ങളുടെ പരമ്പരാഗത ഉപയോഗങ്ങളുടെ എണ്ണം. | • ഫീൽഡുതല സംരക്ഷണത്തിനും പരിപാടികൾ നടപ്പിലാക്കുന്നതിനും സഹായം നൽകുന്ന സംസ്ഥാന വനംവകുപ്പും മറ്റു വകുപ്പുകളും. |
| ദേശീയ ലക്ഷ്യം 10 – കൃഷി, മൃഗസംരക്ഷണം, അക്വാകൾച്ചർ, മത്സ്യബന്ധനം, വനപ്രദേശങ്ങൾ | |

| | |
|---|---|
| എന്നിവയുടെ സുസ്ഥിര പരിപാലനം. | |
| • ഉൽപ്പാദനക്ഷമതയുള്ളതും സുസ്ഥിരതയുള്ളതുമായി കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയുടെ അനുപാതം.<br>• സുസ്ഥിര വനപരിപാലനത്തിലെ പുരോഗതി.<br>• സുസ്ഥിര വനപരിപാലനത്തിലുൾപ്പെട്ട വനപ്രദേശത്തിന്റെ വിസ്തൃതി: ഫോറസ്റ്റ് സ്റ്റ്യൂവർഡ്ഷിപ്പ് കൌൺസിലിന്റെ ഫോറസ്റ്റ് മാനേജ്മെന്റ് സർട്ടിഫിക്കേഷൻ, ഫോറസ്റ്റ് സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിനുള്ള പ്രോഗ്രാം.<br>• ലിംഗ, പരമ്പരാഗത വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ, ചെറുകിട ഭക്ഷ്യോൽപ്പാദകരുടെ ശരാശരി വരുമാനം.<br>• കാർഷിക ജൈവവൈവിധ്യ സൂചിക.<br>• മണ്ണിന്റെ ജൈവ കാർബൺ സ്റ്റോക്കിലെ മാറ്റങ്ങൾ<br>• റെഡ് ലിസ്റ്റ് സൂചിക (വളർത്തുമൃഗങ്ങളുടെ വന്യബന്ധുക്കൾ)<br>• റെഡ് ലിസ്റ്റ് സൂചിക (പരാഗണം നടത്തുന്ന സ്പീഷീസുകൾ)<br>• വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ ബ്രീഡുകളുടെ അനുപാതം.<br>• ആകെയുള്ള കരപ്രദേശത്തിൽ നാശോന്മുഖമായിട്ടുള്ളവയുടെ അനുപാതം.<br>• ജൈവകൃഷി, സംയോജിത കീട നിയന്ത്രണം എന്നിവ നടത്തുന്ന പ്രദേശങ്ങളുടെ വിസ്തൃതി.<br>• ജൈവകൃഷി സർട്ടിഫിക്കേഷനുകളുടെ എണ്ണം.<br>• കാർഷിക രാസ വളങ്ങളുടെ ഉൽപ്പാദനം/ഉപയോഗത്തിന്റെ തോത്.<br>• ജൈവവളം/ ജൈവ ഇന്ധനം, വെർമികമ്പോസ്റ്റ് എന്നിവയുടെ ഉപയോഗത്തിന്റെ തോത്.<br>• മണ്ണിന്റെ ഗുണനിലവാരം, ഭൂവിനിയോഗം<br>• ഫാമുകളിലെ ഊർജജ ഉപഭോഗം. (ഇനം/ഉറവിടം)<br>• ഭൂഗർഭ ജലവിതാനത്തിന്റെ അളവ്.<br>• കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും ജൈവ ഉൽപ്പാദനം നടത്തുന്ന വിസ്തൃതിയിലെ വർദ്ധനവ്.<br>• പ്രാദേശികമായിട്ട്  കാണപ്പെടുന്ന തനതിനങ്ങളുടെ (landraces) ഉപയോഗത്തിന്റെ തോത്.<br>• പരിസ്ഥിതിയുമായി കൂടുതൽ അനുരൂപപ്പെട്ടിട്ടുള്ളതും വീടുകളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുന്നതുമായ പ്രാദേശിക വിളകളുടെയും ഇനങ്ങളുടെയും ഉപയോഗത്തിന്റെ തോത്.<br>• നാശോന്മുഖമായിട്ടുള്ള വനപ്രദേശങ്ങളുടെ വിസ്തൃതി. | • ജൈവവൈവിധ്യ മൂല്യങ്ങൾ, ആവാസവ്യവസ്ഥാ സേവനങ്ങൾ, ഉൽപ്പാദനക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനായി കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും, വനം, മത്സ്യബന്ധനം, അക്വാകൾച്ചർ എന്നിവ അനുരൂപപ്പെടുത്തുന്നതിനുമുള്ള പ്രയത്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുക.<br>• ക്ലൈമറ്റ് സ്മാർട്ട് അഗ്രിക്കൾച്ചർ. |

| | |
|---|---|
| • വീണ്ടെടുത്ത വനപ്രദേശങ്ങളുടെ വിസ്തൃതി.<br>• വൻകിട/ വിനാശകാരികളായ ഫിഷിംഗ് ഗിയറുകളുടെ വിൽപ്പനയുടെ (ഉദാ- purse-seine, bottom trawlers) തോത്.<br>• ട്രോളിംഗിന്റെ ആവർത്തനം.<br>• മത്സ്യ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ<br>• തീരദേശ സംസ്ഥാനങ്ങളിൽ മത്സ്യബന്ധന ബോട്ടുകൾക്ക് നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം.<br>• തടിയേതര വനവിഭവങ്ങളുടെ ഉൽപ്പാദന തോത്.<br>• കാർഷിക വിളകളുടെ വന്യ ബന്ധുക്കളുടെ എണ്ണം. | |
| ദേശീയ ലക്ഷ്യം 11 - ആവാസവ്യവസ്ഥാ സേവനങ്ങളുടെ പരിപാലനവും വായു, ജലം, അപകടങ്ങൾ, തീവ്രമായ സ്ഥിതിഗതികൾ എന്നിവയുടെ നിയന്ത്രണവും. | |
| • ആവാസവ്യവസ്ഥകൾ പ്രദാനം ചെയ്യുന്ന സേവനങ്ങൾ.<br>• ലക്ഷം പേരിൽ, ദുരന്തങ്ങളിൽ മരണപ്പെടുന്നവരുടെയും, കാണാതാകുന്നവരുടെയും, നേരിട്ട് ബാധിക്കുന്നവരുടെയും എണ്ണം.<br>• സുരക്ഷിതമല്ലാത്ത ജലത്തിലൂടെയും, ശുചിത്വമില്ലായ്മയിലൂടെയും, വൃത്തിയില്ലായ്മയിലൂടെയും ഉണ്ടായിട്ടുള്ള മരണനിരക്ക്.<br>• നഗരങ്ങളിലെ പൊടിപടലങ്ങളുടെ വാർഷിക ശരാശരി (ഉദാ- 2.5 പി.എം. & 10 പി.എം.)<br>• ഉയർന്ന ജല ഗുണനിലവാരമുള്ള ജലാശയങ്ങളുടെ അനുപാതം.<br>• ജലമലിനീകരണം., വായു മലിനീകരണം. (തോത്)<br>• പ്രവർത്തന നയങ്ങളുള്ളതും, ജല-ശുചിത്വ പരിപാലനത്തിൽ പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികളുള്ളതുമായ പ്രദേശിക ഭരണ സംവിധാനങ്ങളുടെ അനുപാതം.<br>• സുരക്ഷിതമായിട്ടുള്ള കുടിവെള്ള സേവനം പ്രയോജനപ്പെടുന്ന ജനസംഖ്യയുടെ അനുപാതം.<br>• വീടുകളിലെയും വായു മലിനീകരണത്തിലൂടെയുമുള്ള മരണനിരക്ക്.<br>• വായുവിന്റെ ഗുണനിലവാരത്തിലെ സ്ഥിതിയും പ്രവണതകളും; ഭൌതിക-രാസ, മൈക്രോബിയൽ ഘടകങ്ങൾ, കീടനാശിനികൾ, സൂക്ഷ്മ ലോഹങ്ങൾ തുടങ്ങിയ ജലഗുണനിലവാരം നിരീക്ഷിക്കൽ: ശബ്ദത്തിന്റെ അളവിലെ പ്രവണതകൾ.<br>• കാർഷിക ആവാസവ്യവസ്ഥകളിലെ മണ്ണിന്റെ | • ബോധവൽക്കരണം, വിദ്യാഭ്യാസം, സാമ്പത്തികം, സാങ്കേതിക വിദ്യയുടെ കൈമാറ്റം, ശാസ്ത്രീയ സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നയങ്ങൾ, നിയമങ്ങൾ, ഭരണ സംവിധാനങ്ങൾ എന്നിവയെ പരിപോഷിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക. |

| | |
|---|---|
| ആരോഗ്യ സൂചിക. | |
| ദേശീയ ലക്ഷ്യം 12 – ഹരിത നീലയിടങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അവയുടെ വിസ്തൃതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുക. | |
| • നഗരങ്ങളിൽ എല്ലാവരുടെ പൊതു ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഹരിത/നീലയിടങ്ങളുടെ ശരാശരി വിസ്തൃതി.<br>• വിനോദവും, സാംസ്കാരികവുമായിട്ടുള്ള ആവാസവ്യവസ്ഥാ സേവനങ്ങൾ<br>• നഗര വനയോജന നടപ്പിലാക്കുന്ന നഗരങ്ങളുടെ എണ്ണം.<br>• ജൈവവൈവിധ്യ പാർക്കുകളുടെ എണ്ണം.<br>• സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ് തയ്യാറാക്കിയിട്ടുള്ള നഗരങ്ങളുടെ എണ്ണം.<br>• ഉദ്യാനങ്ങൾ, ഫലോദ്യാനങ്ങൾ, മറ്റു ഹരിത-നീലയിടങ്ങളുടെ വിസ്തൃതിയും എണ്ണവും.<br>• കാവുകളുടെയും കാവുമരങ്ങളുടെയും എണ്ണം. | • നഗര പ്രദേശങ്ങളിലെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ബോധവൽക്കരണം, നൂതന സാങ്കേതികവിദ്യയും സമീപനങ്ങളും, വിദ്യാഭ്യാസം, പൊതു സ്വകാര്യ പങ്കാളിത്തം, സാമ്പത്തിക സ്രോതസ്സുകൾ എന്നിവ അത്യാവശ്യമാണ്. |
| ദേശീയ ലക്ഷ്യം 13 – ഉപയോഗവും പ്രയോജനങ്ങളുടെ പങ്കുവെയ്ക്കലും വർദ്ധിപ്പിക്കുക. | |
